# അൽ ഹഖ്

AHMADIYYA NEWS BULLETTIN

A PUBLICATION OF MAJLIS KHUDDAM-UL-AHMADIYYA - KERALA | നവംബർ 2007 | PRIVATE CIRCULATION



മൂന്നാം പേജിൽ: ഡോ. അബ്ദുസ്സലാം ഭൗതികശാസ്ത്രത്തിലെ അതുല്യപ്രതിഭ





അഞ്ചാം പേജിൽ: ഈമാനികാഭിമാനം ഉണ്ടാക്കിയെടുക്കുക





ആറാം പേജിൽ: അഹ്മദി വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി ഹുസൂർ തിരുമനസ്സിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ





ഏഴാം പേജിൽ: അഖിലേന്ത്യാ നായിബ് സദ്ർ ജനാബ് സലാഹുദ്ദീൻ സാഹിബുമായുള്ള അഭിമുഖം

എട്ടാം പേജിൽ: പ്രതിഭാസം — നന്ദിഗ്രാം– ചിരിയും ചിന്തയും


# യതീമുകളേയും വിധവകളേയും സംരക്ഷിക്കുക

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്(അയ്യദഹുല്ലാഹ്)**



സത്യവിശ്വാസികളോട് സമൂഹത്തിലെ ബലഹീനരായ വിഭാഗങ്ങളോടുള്ള കടമ നിറവേറ്റുന്നതിനെക്കുറിച്ചാണ് അല്ലാഹു പറഞ്ഞിരിക്കുന്നത്. ആ ദുർബലവിഭാഗത്തിന്, തങ്ങളുടെ കാര്യങ്ങൾ ചോദിക്കാനാരുമില്ല, തങ്ങൾക്ക് സമൂഹത്തിൽ ഒരു വിലയുമില്ല, പ്രബലരും ശക്തരുമായ ആളുകൾ, അവർക്കു തോന്നുംവിധം തങ്ങളോടു പെരുമാറിക്കൊണ്ടിരിക്കുന്നു തുടങ്ങിയ തോന്നലുകൾ ഉണ്ടാകാതിരിക്കാൻ വേണ്ടിയാണിത്. ഓരോ വചനത്തിന്റെയും അന്ത്യത്തിൽ അസീസ്, ഹക്കീം എന്നീ പദങ്ങൾ പ്രയോഗിച്ചുകൊണ്ട്, ശക്തരായവർ നിങ്ങളോട് അതിക്രമം കാണിക്കുകയും, നിങ്ങളോടുള്ള കടമ നിറവേറ്റാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ, അവരുടെ മുകളിൽ പ്രതാപശാലിയും യുക്തിജ്ഞനുമായ അല്ലാഹുവുണ്ടെന്നും, അവൻ അവരെ പിടിക്കുമെന്നും പറഞ്ഞുകൊണ്ട് ആ ദുർബലവിഭാഗത്തെ സമാശ്വസിപ്പിച്ചിരിക്കുന്നു. തന്റെ യുക്തിനിർഭരമായ കല്പനകളനുസരിച്ച് ശരിയായ നിലയിൽ അവർ പ്രവർത്തിക്കുന്നില്ലെങ്കിൽ, എല്ലാ ശക്തിയുടെയും ഉത്ഭവസ്ഥാനമായ താൻ അവരെ പിടിക്കുമെന്ന് അല്ലാഹു പറയുന്നു.

ദുർബലവിഭാഗത്തെ ശ്രദ്ധിക്കാതെ വരുമ്പോൾ ആ വിഭാഗത്തിലുണ്ടാകുന്ന അസ്വസ്ഥത, അതിന്റെ പ്രതികരണം കാണിക്കുന്നതായിരിക്കും. അങ്ങനെയുള്ള അവസ്ഥയ്ക്ക് കാരണക്കാർ, ദുർബലവിഭാഗത്തോടുള്ള കടമ നിറവേറ്റാത്തവരായിരിക്കും. അവരുടെ അവസ്ഥ നല്ലതാക്കി നിറുത്തേണ്ടവർ തങ്ങളുടെ കർത്തവ്യം നിർവ്വഹിച്ചില്ല. ഈ കടമ നിറവേറ്റാത്ത കാരണത്താൽ, അത്തരക്കാരോട് അല്ലാഹു പറയുന്നു, 'കടമകൾ നിറവേറ്റാത്തവരേ! അക്രമംകൊണ്ട് അന്യന്റെ അവകാശം പിടിച്ചെടുക്കുന്നവരേ! പ്രതാപശാലിയായ അല്ലാഹു നിങ്ങളുടെ മേലുണ്ടെന്ന കാര്യം എപ്പോഴും ഓർത്തുകൊള്ളുക.' യുക്തിനിർഭരമായ അവന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കാതെ സമാധാനവും ശാന്തിയും സന്തോഷവും നിലനിറുത്തേണ്ട സമൂഹത്തിൽ അവർ അതിന് തടസ്സം സൃഷ്ടിക്കുന്നു. ഇക്കാര്യം ആ പ്രതാപശാലിയായ അല്ലാഹു ഒരുതരത്തിലും സഹിക്കുകയില്ല.

അതുകൊണ്ട് അസീസും ഹക്കീമുമായ അല്ലാഹു നിങ്ങളിൽ കരുണ കാണിച്ചുകൊണ്ട് അസീസ് എന്ന സവിശേഷ ഗുണത്തിന്റെ ഫലം നിങ്ങൾക്കായി കാണിക്കാൻ നിങ്ങൾ ശ്രമിക്കുകയും, യുക്തിപരമായ കാര്യങ്ങൾ സ്വീകരിക്കുകയും, കടമകൾ നിറവേറ്റാൻ ശ്രദ്ധിക്കുകയും ചെയ്യുക.

അനാഥരെക്കുറിച്ച് വിശുദ്ധഖുർആനിൽ ഒരുപാട് സ്ഥലങ്ങളിൽ പറയുന്നുണ്ട്. അതിൽ അവരോടുള്ള കടമ നിറവേറ്റാനും, അനുകമ്പയുടെ കരങ്ങൾ അവരുടെ മേൽ വയ്ക്കാനും കല്പിച്ചിരിക്കുന്നു. ഈ വചനത്തിൽ അല്ലാഹു പറയുന്നത് അവർ നിങ്ങളുടെ സഹോദരങ്ങളാണെന്നാണ്. അവരോട് നല്ല രീതിയിൽ പെരുമാറുക. അവരുടെ ആവശ്യങ്ങൾ ശ്രദ്ധിക്കുക. അവരുടെ സംസ്കരണത്തിലേക്ക് ശ്രദ്ധിക്കണമെന്ന ഓർമ്മ എപ്പോഴും നിങ്ങൾക്കുണ്ടായിരിക്കണം. അവരെ സമൂഹത്തിന്റെ പ്രവർത്തനക്ഷമമായ ഒരു ഭാഗമാക്കിത്തീർക്കണം. അവർക്ക് മാതാപിതാക്കളും, മൂത്തസഹോദരനും


*(ശേഷം 2-ാം പേജിൽ)*


## അഹ്മദിയ്യാ വിരുദ്ധജ്വരം വീണ്ടും

**പാക്കിസ്ഥാൻ**: ഭരണഘടനയനുസരിച്ച് അഹ്മദികളെ അമുസ്ലിംകളായി പ്രഖ്യാപിച്ച 1974 സെപ്തംബർ 7-ന്റെ സ്മരണ നിലനിർത്താൻ ഖത്ത്മെ നുബുവ്വത്തിന്റെ ആഭിമുഖ്യത്തിൽ ഇത്തവണയും സെപ്തംബർ 7-ന് വിപുലമായ ചടങ്ങുകൾ സംഘടിപ്പിച്ച് അഹ്മദിയ്യാ വിരുദ്ധ പ്രസംഗങ്ങൾ നടത്തി. റബ്വ, ചീനിയോട്, ജംഗ്, ചിച്ചാവറ്റ്നി, ഫൈസലാബാദ് തുടങ്ങിയ സ്ഥലങ്ങളിലാണ് കലാപങ്ങൾക്ക് ആഹ്വാനം ചെയ്തുകൊണ്ടുള്ള പ്രചാരണങ്ങൾ അരങ്ങേറിയത്. ദശാബ്ദങ്ങളായി തുടരുന്ന ഗതി പിടിക്കാത്ത ആരോപണങ്ങൾ പുതിയ രൂപത്തിൽ അവതരിപ്പിച്ചുകൊണ്ടാണ് ഇത്തവണ ഈ ദിനം കൊണ്ടാടിയത്. മിർസാ ഗുലാം അഹ്മദ് ബ്രിട്ടീഷ് ചാരനായിരുന്നു, ഖാദിയാനികൾ ഇന്നലെ കാഫിറായിരുന്നു, ഇന്നും കാഫിറാണ്, എപ്പോഴും കാഫിറായിരിക്കും, പർവേസ് മുശ്റഫ് ഖാദിയാനികളെ സംരക്ഷിക്കുന്നു, ലാൽ മസ്ജിദിലെ സംഘട്ടനങ്ങൾക്ക് പിന്നിൽ ഖാദിയാനികളാണ്, ഖാദിയാനികളെ അമുസ്ലിംകളായി പ്രഖ്യാപിച്ചതിന്റെ ക്രെഡിറ്റ് 1953-ലെ അഹ്മദിയ്യാ വിരുദ്ധ കലാപത്തിൽ പങ്കെടുത്ത് കൊല്ലപ്പെട്ട മുപ്പതിനായിരം മുസ്ലിം രക്തസാക്ഷികൾക്കാണ് (ജുഡീഷ്യൽ അന്വേഷണത്തിൽ കൊല്ലപ്പെട്ടവർ വെറും 37 ആണെന്ന് കണ്ടെത്തിയിരിക്കുന്നു) ഖാദിയാനിസം അവസാനിപ്പിക്കുക, ആ കാൻസറിനെ തുടച്ചുനീക്കും തുടങ്ങിയ കാര്യങ്ങളാണ് ഉലമാക്കൾ പ്രസംഗങ്ങളിൽ ഉന്നയിച്ചത്.

അഹ്മദികൾ കാഫിർ മാത്രമല്ല, കൊല്ലപ്പെടേണ്ടവരാണെന്നും ഖാദിയാനികളെ ഉന്മൂലനം ചെയ്യുന്നതിന് പുതിയ പ്രസ്ഥാനം ആരംഭിക്കുമെന്നും സംഘാടകർ പ്രസ്താവിച്ചു. സൈന്യത്തിലുള്ള മുഴുവൻ അഹ്മദികളേയും പിരിച്ചുവിടണമെന്ന് പ്രമേയം പാസ്സാക്കിയിട്ടുണ്ട്. മുല്ല സെയ്ദ് ജലാൽപുരി, മിയാൻ ഹമാദി, അബ്ദുറസാഖ് മീക്കോ, മൗലാനാ വിഹീസ്മക്കി, ഖാരി ശബീർ അഹ്മദ് ഉസ്മാനി, മൗലാനാ ഇല്യാസ് ട്രിനിയോട്ടി തുടങ്ങിയ തീവ്രവാദ നേതാക്കളാണ് വിവിധ സമ്മേളനങ്ങളിൽ പ്രസംഗിച്ചത്. സെപ്തംബർ 7 പൊതു അവധി ദിനമാക്കുവാനും, ഔദ്യോഗികമായ ആഘോഷപരിപാടികൾ സംഘടിപ്പിക്കുവാനും ആവശ്യപ്പെട്ട് നിവേദനം നൽകിയിട്ടുണ്ട്.

# യേശു: നിഗൂഢതകൾ തേടി വീണ്ടും ഒരുയാത്ര



യേശുവിന്റെ ജീവിതം വീണ്ടും വിവാദത്തിലാവുകയാണ്. ഒരു നൂറ്റാണ്ടുകാലം മുമ്പ് ദൈവിക വെളിപാടുകൾ മുഖേന ലോകത്തിന് മുമ്പാകെ ഹദ്റത്ത് അഹ്മദ്(അ) വിളിച്ചോതിയ നഗ്നസത്യത്തെ പുറംകാൽകൊണ്ട് ചവുട്ടിത്തള്ളിയ സമൂഹത്തിന് മുന്നിലേക്ക് ഹോളിവുഡ് ചിത്രത്തിന്റെ രൂപത്തിലാണ് ഇത്തവണ വിവാദം പുകഞ്ഞെത്തുന്നത്. ക്രിസ്തീയ സുവിശേഷങ്ങളിൽ പരാമർശിക്കപ്പെടാത്ത യേശുവിന്റെ നിഗൂഢ ജീവിതം തേടിക്കൊണ്ടാണ് 'അക്വോറിയൻ ഗോസ്പൽ' എന്ന് പേരിട്ടിരിക്കുന്ന പ്രശസ്ത സംവിധായകൻ ഡ്രൂ ഹെറിയറ്റിന്റെ ഹോളിവുഡ് ചിത്രം പുറത്തിറങ്ങുന്നത്. യേശുവിന്റെ അജ്ഞാത ജീവിതകാലത്തെപ്പറ്റി നൂറ്റാണ്ടുകൾക്ക് മുമ്പ് പുറത്തിറങ്ങിയ പുസ്തകമാണ് സിനിമയായി അവതരിപ്പിക്കുന്നത്. യേശു ഇന്ത്യയിലെത്തിയിരുന്നുവെന്നും ഇവിടത്തെ ബുദ്ധവിഹാര കേന്ദ്രങ്ങളിൽ കഴിഞ്ഞിരുന്നുവെന്നും ഗ്രന്ഥത്തിൽ പരാമർശിച്ചിട്ടുണ്ട്. മധ്യേഷ്യയിൽനിന്ന് ഇന്ത്യയിലേക്കുള്ള യേശുവിന്റെ യാത്ര ചിത്രീകരിക്കാൻ ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തും. അക്വോറിയൻ ഗോസ്പൽ എന്ന ഗ്രന്ഥത്തിന്റെ 53-ാമത്തെ എഡിഷൻ പുറത്തിറങ്ങിക്കഴിഞ്ഞു. യേശു കശ്മീരിൽ വന്നിരുന്നതായി 1894-ൽ റഷ്യൻ ഡോക്ടർ നിക്കളോസ് നോടോവിച്ച് തന്റെ ഗ്രന്ഥത്തിൽ പറയുന്നുണ്ട്. ഹിമാലയത്തിൽ യേശു വന്നിരുന്നു എന്നതിന് രേഖാമൂലം തെളിവുകൾ നൽകാമെന്ന് ചില ഗവേഷകർ അഭിപ്രായപ്പെട്ടിട്ടുമുണ്ട്.

വിശുദ്ധഖുർആനിൽ ഇപ്രകാരം പറയുന്നു: "നാം ഇബ്നുമർയമിനേയും അദ്ദേഹത്തിന്റെ മാതാവിനേയും ഒരു അടയാളമാക്കയിരിക്കുന്നു. നാം അവർക്ക് രണ്ടുപേർക്കും നിവാസയോഗ്യവും ഒഴുകുന്ന വെള്ളമുള്ളതുമായ ഒരു ഉയർന്ന പ്രദേശത്ത് അഭയം നൽകി" (23:51). തങ്ങളുടെ സമുദായത്തിലേക്ക് അയക്കപ്പെട്ട ഈസാനബിയെ യഹൂദികൾ തള്ളിവിടുകയും ഒടുവിൽ കള്ളപ്രവാചകനായി ചിത്രീകരിക്കുകയും 33-ാം വയസ്സിൽ കുരിശിലേറ്റുകയും ചെയ്തു. യേശു 33-ാം വയസ്സിൽ മരണപ്പെട്ടുവെന്നാണ് യഹൂദി വിശ്വാസം. കുരിശിൽ മരിച്ച ഈസാ ഉടലോടെ സ്വർഗ്ഗത്തിലേക്ക് പോയെന്നതാണ് ക്രിസ്തീയ-അനഹ്മദീ മുസ്ലിംകളുടെ വിശ്വാസം. യേശുവിന്റെ നിഗൂഢ ജീവിതത്തെക്കുറിച്ചുള്ള സുവ്യക്തമായ പരാമർശങ്ങൾ ഹദീസുകളിലും മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളിലും കാണാം. നബി(സ) പറഞ്ഞു, ''അല്ലാഹു ഈസാ(അ)ന് ഇപ്രകാരം വെളിപാടിറക്കി. നിന്നെ തിരിച്ചറിയപ്പെടാതിരിക്കാനും ഹിംസിക്കപ്പെടാതിരിക്കാനും, അല്ലയോ ഈസാ നീ ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് മാറിപ്പാർത്തുകൊണ്ടിരിക്കുക. ഏതുപ്രകാരം ജറുസലമിൽ നിന്നെ കുരിശിൽ തറച്ച് കൊലപ്പെടുത്താൻ നോക്കിയോ അപ്രകാരം ജനം നിന്നെ തിരിച്ചറിഞ്ഞ് ഉപദ്രവിക്കാതിരിക്കാൻ വേണ്ടിതന്നെ'' (കുൻസുൽ ഉമ്മുൽ). 'മസീഹ് ഹിന്ദുസ്ഥാൻ മെ' എന്ന ഗ്രന്ഥത്തിൽ ഈസായുടെ കുരിശ് സംഭവത്തിനുശേഷമുള്ള യാത്രയെക്കുറിച്ചും മറ്റും വ്യക്തമായ തെളിവുകൾ നിരത്തിക്കൊണ്ട് ഈസാ 120 വയസ്സുവരെ ജീവിച്ചിരുന്നു


*(ശേഷം 2-ാം പേജിൽ)*

# അത്ഫാൽ പ്രവർത്തനം മികച്ച നിലവാരത്തിലേക്ക്

2006-07 വർഷത്തിൽ അത്ഫാലുൽ അഹ്മദിയ്യാ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചതായി വാർഷിക റിപ്പോർട്ട് വ്യക്തമാക്കുന്നു. ഈ വർഷം 1098 കത്തുകളും സർക്കുലറുകളും വിവിധ മജ്‌ലിസുകളിലേക്കയച്ചു. മാസാന്തര റിപ്പോർട്ടുകൾ കൃത്യമായി അയച്ച ജമാഅത്തുകളിൽ കോഴിക്കോട്, മാത്തോട്ടം, വാണിയമ്പലം എന്നിവകൂടി ഉൾപ്പെടുന്നു. മജ്‌ലിസുകളുടെ എണ്ണം കഴിഞ്ഞ വർഷത്തെ 395-ൽനിന്നും ഈ വർഷം 403 ആയി വർദ്ധിച്ചു. ഖാദിയാൻ മജ്‌ലിസ് "Career Opportunities" എന്ന പേരിൽ ഒരു ലഘുലേഖ പ്രസിദ്ധപ്പെടുത്തി. റിശീനഗർ മജ്‌ലിസ് 'ലഹരിപാദർത്ഥങ്ങളുടെ ദോഷങ്ങൾ' എന്ന പേരിൽ ഒരു ലഘുലേഖ അച്ചടിച്ച് വിതരണം നടത്താൻ തുടങ്ങിയിട്ടുണ്ട്. കുട്ടികളുടെ ദീനീപരമായ ഉന്നമനത്തിനായി വേനലവധിക്ക് 15 ദിവസത്തെ തർബിയത്ത് ക്ലാസ് സംഘടിപ്പിച്ചു. ഖാദിയാൻ, ഹൈദരബാദ്, റിശിനഗർ, കരടപള്ളി, ബാർസു എമ്റച്ച്, കേരംഗ്, കരീംപൂർ, ഫരീദ്പൂർ, കിശൻഗഡ്, മാത്തോട്ടം, വാണിയമ്പലം, കോർണിപാഡ, ഹോശിയാപൂർ, ഭട്‌ല, പ്യൂമർ എന്നീ മജ്‌ലിസുകളിൽ ക്യാമ്പുകൾ വിജയകരമായി നടന്നു. ഖിദ്മത്തെ ഖൽഖ് വിഭാഗത്തിൽ ഹൈദരബാദ് മജ്‌ലിസ് 14,000/- രൂപയുടെ പുസ്തകങ്ങൾ നിർദ്ധനരായ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തു. അത്ഫാൽ, ഇജ്തിമ ചന്ദയിനത്തിൽ 73952/രൂപ പിരിച്ചെടുത്തു. വിവിധ മജ്‌ലിസുകളിൽ യസ്സർനൽ ഖുർആൻ, വിശുദ്ധഖുർആൻ നോക്കി ഓതൽ, അർത്ഥം, നമസ്കാരം, അർത്ഥത്തോടുകൂടിയുള്ള നമസ്കാരം എന്നിവ പഠിക്കുന്നതിനായി പ്രത്യേകം തർബിയത്ത് ക്ലാസ്സുകൾ സംഘടിപ്പിച്ചു.

**അത്ഫാലുൽ അഹ്മദിയ്യായുടെ ദീനിപരീക്ഷയിൽ മികച്ച വിജയം നേടിയവരുടെ പേരുവിവരങ്ങൾ:**

| | | |
|---|---|---|
| സിതാരെ അത്ഫാൽ | 1. | മുബാരിസ് അഹ്മദ് ഷരീമ, ഖാദിയാൻ, ഒന്നാം സ്ഥാനം |
| | 2. | മുഹമ്മദ് ജുനൈദ്, പഴയങ്ങാടി, ഒന്നാം സ്ഥാനം |
| | 3. | ഇർസിലാൻ അഹ്മദ്, ഖാദിയാൻ, രണ്ടാം സ്ഥാനം |
| | 4. | ലബീബ് അഹ്മദ്, ഖാദിയാൻ, മൂന്നാം സ്ഥാനം |
| | 5. | സിശാൻ അഹ്മദ്, പഴയങ്ങാടി, മൂന്നാം സ്ഥാനം |
| ഹിലാൽ അത്ഫാൽ | 1. | മുബാറക്ക് മൻസൂർ ഗനായി, റിശീനഗർ, ഒന്നാം സ്ഥാനം |
| | 2. | സനാഉല്ലാഹ് സുബ്ഹാൻ, സിക്കന്തരാബാദ്, രണ്ടാം സ്ഥാനം |
| | 3. | സൽമാൻ ഫാരിസ്, പഴയങ്ങാടി, മൂന്നാം സ്ഥാനം |
| ഖമർ അത്ഫാൽ | 1. | സുജൈൽ അഹ്മദ് ഗോറി, ഹൈദരബാദ്, ഒന്നാം സ്ഥാനം |
| | 2. | മഹ്മൂദ് അഹ്മദ് റാഹിൽ, ഹൈദരബാദ്, ഒന്നാം സ്ഥാനം |
| | 3. | ടി. സഫീൽ, വാണിയമ്പലം, ഒന്നാം സ്ഥാനം |
| | 4. | ആദിൽ അഹ്മദ് സുഹൈൽ, ഹൈദരബാദ്, രണ്ടാം സ്ഥാനം |
| | 5. | ശാക്കിർ അഹ്മദ് ശേഖ്, റിശീനഗർ, രണ്ടാം സ്ഥാനം |
| | 6. | സയ്യിദ് ദാനിശ് അഫ്താബ്, ഖാദിയാൻ, മൂന്നാം സ്ഥാനം |
| ബദർ അത്ഫാൽ | 1. | ഫാസിൽ അഹ്മദ് ലുഖ്മാൻ, ഹൈദരബാദ്, ഒന്നാം സ്ഥാനം |
| | 2. | മുഹമ്മദ് സൽമാൻ സാബിർ, ഹൈദരബാദ്, ഒന്നാം സ്ഥാനം |
| | 3. | മുബാറക്ക് അഹ്മദ് ഖാൻ, ഖാദിയാൻ, രണ്ടാം സ്ഥാനം |
| | 4. | മുഹമ്മദ് അക്ബർ, ഹൈദരബാദ്, മൂന്നാം സ്ഥാനം |
| | 5. | നസീർ അഹ്മദ് |

വഖ്ഫ് ജദീദ് ചന്ദകളിൽ അത്ഫാലുകളെ അംഗങ്ങളാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വിവിധ മജ്‌ലിസുകളിൽ നടന്നുവരുന്നു. നടപ്പുവർഷം 227 വഖാറെ അമലുകൾ വിവിധ മജ്‌ലിസുകളിൽ നടത്തിയിട്ടുണ്ട്. പ്രവർത്തനമികവിന്റെ അടിസ്ഥാനത്തിൽ ഉന്നത നിലവാരത്തിലെത്തിയ മജ്‌ലിസുകളുടെ എണ്ണം 17-ൽ നിന്ന് 29 ആയി വർദ്ധിച്ചിട്ടുണ്ട്. ഇതിൽ വാണിയമ്പലം, മാത്തോട്ടം എന്നീ മജ്‌ലിസുകളും ഉൾപ്പെടുന്നു. പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ഖാദിയാൻ മജ്‌ലിസ് ഒന്നും, റിശീനഗർ, ഹൈദരാബാദ് മജ്‌ലിസുകൾ രണ്ടും മാത്തോട്ടം മൂന്നും സ്ഥാനങ്ങൾ നേടി. ഫരീദ്പൂർ, കരീംപൂർ, വാണിയമ്പലം, കേരംഗ്, ഗോഗാസർഹന, ചെക്അംറോഹ, —— മജ്‌ലിസുകൾ പ്രത്യേക സമ്മാനത്തിന്നർഹരായി.

(1-ാം പേജിൽനിന്ന്)

സഹോദരിയും ആരും ഇല്ലാത്തതുകൊണ്ട്, അവരെ നശിപ്പിച്ചുകളയാം എന്ന് കരുതരുത്. ഇത് ഒരു സത്യവിശ്വാസിക്ക് ചേർന്നതല്ല. സത്യവിശ്വാസി എന്നു പറയുന്നത്, ഈ അനാഥരെ ശ്രദ്ധിച്ചുകൊണ്ട് അവരെ സമൂഹത്തിൽ ഫലപ്രദരാക്കിത്തീർക്കാൻ ശ്രമിക്കുന്നവരാണ്. ഇസ്‌ലാമിന്റെ അധ്യാപനമാണ് സ്നേഹിക്കുക എന്നത്. ശാസിക്കേണ്ട സമയത്ത് ശാസിക്കുകയും വേണം. അവരെ പരിഷ്കരിച്ചെടുക്കുക എന്നതായിരിക്കണം എപ്പോഴും മുമ്പിലുണ്ടാവേണ്ടത്.

മറ്റൊരു സ്ഥലത്ത് യതീംകളെക്കുറിച്ച് അല്ലാഹു പറയുന്നു: ''അതായത് തങ്ങളുടെ പിന്നിൽ ബലഹീനരായ സന്താനങ്ങളെ വിട്ടുപോകുന്ന പക്ഷം ഉത്ക്കണ്ഠാകുലരാകുന്നവർ, ദൈവഭയത്തോടുകൂടി പ്രവർത്തിക്കേണ്ടതാണ്. അവർ ചൊവ്വായ വാക്ക് പറയേണ്ടതാണ്. ജീവിതത്തേയും മരണത്തേയുംകുറിച്ച് ആരും അറിയുന്നില്ലെന്ന് അല്ലാഹു പറയുന്നു. അതുകൊണ്ട് അല്ലാഹുവിനെ ഭയന്നുകൊണ്ട്, അല്ലാഹു നമുക്ക് പ്രതിഫലം നല്കുന്നു എന്ന വിചാരത്തോടെ നിങ്ങൾ യതീംകളെ നോക്കുക; അല്ലാഹു നിങ്ങളുടെ മക്കളേയും എല്ലാത്തരം ദുഃഖങ്ങളിൽനിന്നും വേദനകളിൽനിന്നും സുരക്ഷിതരാക്കുന്നതിനുവേണ്ടി" (4:10).

അതുകൊണ്ട് എപ്പോഴും അനാഥരുടെ ആവശ്യങ്ങൾ ശ്രദ്ധിക്കുക. പ്രത്യേകിച്ച് മതത്തിനുവേണ്ടി ജീവൻ ബലിയർപ്പിക്കുന്നവരെ ഒരുപാട് ശ്രദ്ധിക്കേണ്ടതാണ്; അവരുടെ കുട്ടികളുടെ മനസ്സിൽ, തങ്ങളുടെ പിതാവ് മതത്തിനുവേണ്ടി ജീവൻ ബലിയർപ്പിച്ച് തങ്ങളെ തനിച്ചാവിട്ടുകളഞ്ഞു എന്ന വിചാരം ഉണ്ടാകാതിരിക്കുന്നതിനാണിത്. മറിച്ച്, നിങ്ങളുടെ പ്രവർത്തനംകൊണ്ട് ഓരോ ശഹീദിന്റെ മക്കൾക്കും, തങ്ങളുടെ പിതാവ് മതത്തിനുവേണ്ടി ജീവൻ ത്യജിച്ച് അനശ്വരമായ ജീവിതം പ്രാപിച്ചു എന്ന വിചാരം ഉണ്ടാവണം. അതുമുഖേന തങ്ങളുടെ അന്തസ്സും വർദ്ധിച്ചിരിക്കുന്നുവെന്ന് അവർക്കനുഭവപ്പെടണം.

അല്ലാഹുവിനെ വഞ്ചിക്കാൻ നിങ്ങൾക്ക് സാധിക്കുകയില്ലെന്ന് അല്ലാഹു പറയുന്നു. അല്ലാഹു പരിഷ്കരണം നടത്തുന്നവനേയും കുഴപ്പങ്ങൾ ഉണ്ടാക്കുന്നവനേയുമൊക്കെ അറിയുന്നവ

(ശേഷം 3-ാം പേജിൽ)

# വഖാറെ അമൽ നടത്തി

**കോഴിക്കോട്:** മാത്തോട്ടം, കോഴിക്കോട്, മജ്‌ലിസുകളുടെ സംയുക്താഭിമുഖ്യത്തിൽ കോഴിക്കോട് ബയ്ത്തുൽ ഖുദ്ദൂസിൽ 4.11.07-ന് വിപുലമായ വഖാറെ അമൽ നടത്തി. പള്ളിയിലെ വിവിധ ശാഖാ സംഘടനകളുടെ ഓഫീസുകളും, പള്ളി അങ്കണത്തിലെ തോട്ടവും വൃത്തിയാക്കി. കോഴിക്കോട് മേഖലാ അമീർ ജനാബ് എം.എ. മുഹമ്മദ് സാഹിബ് പരിപാടി ഉദ്ഘാടനം ചെയ്തു. രാവിലെ 9 മണി മുതൽ 12 മണിവരെ നടന്ന വഖാറെ അമലിൽ അത്ഫാലുകളുൾപ്പെടെ 32 പേർ പങ്കെടുത്തു. പരിപാടിയിൽ പങ്കെടുത്ത അത്ഫാലുകൾക്ക് പ്രത്യേക സമ്മാനം നൽകി.

# കത്രീന ചുഴലിക്കൊടുങ്കാറ്റ്
## ഹ്യൂമാനിറ്റി ഫസ്റ്റിന് അമേരിക്കൻ സ്കൂളിന്റെ സഹായം

തെക്കേ അമേരിക്കയിൽ ആഞ്ഞടിച്ച് നാശം വിതറിയ കത്രീന ചുഴലികൊടുങ്കാറ്റിന്നിരയായവരെ സഹായിക്കുന്നതിന് ഹ്യൂമാനിറ്റി ഫസ്റ്റിന് നിസ്തുലമായ സംഭാവന നൽകി അമേരിക്കൻ റിനയസ്സൻസ് മിഡിൽ സ്കൂളിലെ കുട്ടികൾ മാതൃകയായി. പതിമൂന്ന് വയസ്സുകാരി നിജില ഫൈസിയുടെ നേതൃത്വത്തിൽ സ്കൂൾ പ്രിൻസിപ്പൽ സ്റ്റീഫൻ ഗേയുടെയും അധ്യാപിക സെനോര ജെന്നിഫർ സോളിസിന്റെയും പിന്തുണയോടുകൂടി 1200 ഡോളർ ഹ്യൂമാനിറ്റിഫസ്റ്റിന് നൽകി. പ്രാദേശിക ബിസിനസ്സ് സ്ഥാപനങ്ങളും ഇവരോടൊപ്പം ചേർന്നു. ഹ്യൂമാനിറ്റി ഫസ്റ്റ് പ്രതിനിധി അഹ്മദ് അൻവർ സംഭാവന സ്വീകരിക്കുകയും കുട്ടികൾക്ക് ഉപഹാരം നൽകുകയും ചെയ്തു. സംഘടനയുടെ പ്രവർത്തനങ്ങൾക്ക് ഇത് മുതൽകൂട്ടാകുമെന്നും, മാതൃകാപരമായ പ്രവർത്തനമാണ് സ്കൂൾ കാഴ്ചവെച്ചിരിക്കുന്നതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

# ഖുദ്ദാമുൽ അഹ്മദിയ്യാ സൗത്ത് ഇലാഖാ ഏകദിന ക്യാമ്പ്

**ആലപ്പുഴ:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ സൗത്ത് ഇലാഖയുടെ ഈ വർഷത്തെ പ്രവർത്തനങ്ങളുടെ ഭാഗമായി നവംബർ 25 ഞായറാഴ്ച ആലപ്പുഴ ജമാഅത്തിൽവെച്ച് ഒരു ഏകദിന ക്യാമ്പ് സംഘടിപ്പിച്ചു. മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ അഖിലേന്ത്യാ നാഇബ് സദ്ർ ഡോ. സലാഹുദ്ദീൻ സാഹിബ് അധ്യക്ഷത വഹിച്ച യോഗത്തിൽ സൗത്ത് ഇലാഖയുടെ കീഴിൽ വരുന്ന മജ്‌ലിസുകളിലെ ഖാഇദുമാരും മജ്‌ലിസെ ആമില അംഗങ്ങളുമുൾപ്പെടെ 70-ൽപരം അംഗങ്ങൾ പങ്കെടുത്തു. മുഹമ്മദ് യൂനുസ് സാഹിബ് (എറണാകുളം) വിശുദ്ധഖുർആൻ പാരായണം ചെയ്തു. സാബിത് അഹ്മദ് സാഹിബ് (കരുനാഗപ്പള്ളി) പദ്യം ആലപിച്ചു. അധ്യക്ഷത വഹിച്ച നായിബ് സദ്ർ സാഹിബ് ഓരോ മജ്‌ലിസിലേയും ആമില മെമ്പർമാർ മജ്‌ലിസിന് മാതൃകയായി മാറണമെന്നും ആമില മെമ്പർമാർ വസിയ്യത്ത് പദ്ധതിയിൽ പങ്കാളികളായിത്തീരണമെന്നും പറഞ്ഞു. കേന്ദ്ര നേതൃത്വം ആവശ്യപ്പെടുന്ന കാര്യങ്ങൾക്ക് എപ്പോഴും മുൻതൂക്കം നല്കണമെന്നും ഹുസൂർ തിരുമനസ്സിന്റെ ആഗമനം മുന്നിൽ കണ്ടുകൊണ്ട് പരിപാടികൾ തയ്യാറാക്കണമെന്നും തുടർന്ന് സംസാരിച്ച സൗത്ത് കേരള മുൻഇലാഖാ ഖാഇദ് ടി.കെ. അബൂബക്കർ സാഹിബ് പറഞ്ഞു. ആസന്നമായ ഖിലാഫത്ത് ജൂബിലി വൻവിജയമാക്കി തീർക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടായിരിക്കണം ഇനിയുള്ള പ്രവർത്തനങ്ങളെല്ലാം നടത്തേണ്ടതെന്ന് സൗത്ത് ഇലാഖയുടെ പുതിയ ഖാഇദായി സ്ഥാനമേറ്റ ഇ.എച്ച്. നജീബ് പറഞ്ഞു. എല്ലാ ജമാഅത്തംഗങ്ങളും തന്നോട് സഹകരിക്കണമെന്നും തനിക്കുവേണ്ടി ദുആ ചെയ്യണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു. ഖിലാഫത്തിന്റെ ചരിത്രം പഠിക്കേണ്ടത് ഓരോ ഖാദിമീന്റേയും കടമയാണെന്ന് തിരുവനന്തപുരം മേഖലാ അമീർ അബ്ദുൽ ജലീൽ സാഹിബ് പറഞ്ഞു. പ്രതീക്ഷയുടെ ലോകമാണ് അഹ്മദികളെ കാത്തിരിക്കുന്നതെന്നും മറ്റുള്ളവരുടെ സേവകനായിരിക്കുക എന്നതാണ് ഓരോ ഭാരവാഹിയുടേയും പ്രധാന ഉത്തരവാദിത്തമെന്നും എറണാകുളം മേഖലാ അമീർ ബി.ബി. അഹ്മദ് കബീർ സാഹിബ് തന്റെ ഉദ്ബോധന പ്രഭാഷണത്തിൽ പറഞ്ഞു. ഖിലാഫത്ത് ജൂബിലി പ്രബന്ധ രചനാമത്സരത്തിൽ ഖാദിമീങ്ങളേയും അത്ഫാലുക

(ശേഷം 3-ാം പേജിൽ)

# വാർഷിക സമ്മേളനം

**ന്യൂഡൽഹി:** ഡൽഹി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് അതിന്റെ 10-ാമത് വാർഷികസമ്മേളനം ദൽഹിയിലെ കമാനി ഓഡിറ്റോറിയത്തിൽവച്ച് നടത്തി. സമ്മേളനത്തിന്റെ വിഷയം 'എല്ലാവരോടും സ്നേഹം, വെറുപ്പ് ആരോടുമില്ല' എന്നതായിരുന്നു. ചടങ്ങിൽ സംബന്ധിച്ച ദൽഹി മുബല്ലിഗ് കലിമുദ്ദീൻ അഹ്മദ്, മുഹമ്മദ്(സ)യുടെ ദർശനങ്ങൾക്കനുസരിച്ച് മാനവികതയും സഹിഷ്ണുതയും ജനങ്ങൾ പുലർത്തേണ്ടതുണ്ടെന്ന് പ്രസ്താവിച്ചു. ഖാദിയാനിലെ ദാറുൽ അമാൻ ഡപ്യൂട്ടി സിക്രട്ടറി ഗ്യാനി തൻവീർ അഹ്മദ് ഖാദിം സമ്മേളനത്തെ അഭിസംബോധന ചെയ്തു. ജിഹാദ് എന്നാൽ, ഭീകരവാദമല്ലെന്നും മറിച്ച്, പട്ടിണിക്കും നിരക്ഷരതയ്ക്കുമെതിരായ പോരാട്ടമാണ് ജിഹാദെന്നും അദ്ദേഹം പറഞ്ഞു.

# സെമിനാർ

**കണ്ണൂർ ടൗൺ:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ ഒരു സെമിനാർ സംഘടിപ്പിച്ചു. ഇതിൽ 'തബ്‌ലീഗ്- പുതിയ ആശയങ്ങൾ', 'റെവലേഷൻ- ഒരാമുഖം', 'കേരള വികസനത്തിന്റെ തടസ്സങ്ങൾ' എന്നീ വിഷയങ്ങളെ അവലംബിച്ച് യഥാക്രമം ഗുലാം അഹ്മദ്, നിഷാൻ അഹ്മദ്, ജിജിൻ നിസാർ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. യോഗത്തിൽ സജിൻ നിസാർ സാഹിബ് ആധ്യക്ഷം വഹിച്ചു. നിഷാദ് അസീസ് സാഹിബ് പ്രബന്ധങ്ങൾ അവലോകനം ചെയ്തു. അഫ്സൽ ഗഫൂർ തിലാവത്ത് നടത്തി.

(1-ാം പേജിൽനിന്ന്)

വെന്നും ഇന്ത്യയിലേക്ക് വന്നതിൽപിന്നെ മരണപ്പെടുകയും അദ്ദേഹത്തിന്റെ ഖബർ ശ്രീനഗറിലാണുള്ളതെന്നും ലോകത്തിന് വിവരിച്ചുകൊടുത്തിട്ടുണ്ട്. എന്നാൽ, മസീഹിന്റെ വാക്കുകൾക്ക് ചെവികൊടുത്തവർ വിരളം.

ഇപ്പോഴത്തെ ഗവേഷണങ്ങൾ കത്തോലിക്കാസഭക്ക് പരിഭ്രാന്തി സൃഷ്ടിക്കപ്പെടുമെന്നുറപ്പാണ്. സിനിമയുടെ സംവിധായകൻ ക്രിസ്തുമതാനുയായിയാണെങ്കിൽ ക്ലൈമാക്സ് കത്തോലിക്കർക്കനുകൂലമാക്കിയേക്കാം. ജൂതനാണെങ്കിൽ ക്രിസ്തുമതവുമായുള്ള പുതിയൊരേറ്റുമുട്ടലിന് കളമൊരുക്കിയേക്കുകയും ചെയ്യാം. എന്തായാലും ഗവേഷണങ്ങളും ഗ്രന്ഥങ്ങളും സിനിമകളുമെല്ലാം ഹദ്റത്ത് അഹ്മദ്(അ)ന്റെ സത്യസാക്ഷ്യത്തിലേക്കുള്ള കാൽ വെപ്പുകളാകുമെന്നതിൽ സംശയമില്ല.



# ഡോ. അബ്ദുസ്സലാം ഭൗതികശാസ്ത്രത്തിലെ അതുല്യപ്രതിഭ

ഇപ്പോൾ പാക്കിസ്ഥാനിലുള്ള ജംഗിലാണ് 1926-ൽ ഡോ. അബ്ദുസ്സലാം ജനിച്ചത്. പിതാവ് വിദ്യാഭ്യാസ വകുപ്പിൽ ജോലിക്കാരനായിരുന്നു. കുടുംബം മതകാര്യത്തിലും വിദ്യാഭ്യാസത്തിലും ഉന്നതിയിലായിരുന്നു. പഞ്ചാബ് യൂണിവേഴ്സിറ്റിയിൽനിന്നും 14-ാം വയസ്സിൽ ഏറ്റവും ഉയർന്ന മാർക്കോടുകൂടി മെട്രിക്കുലേഷൻ പരീക്ഷ പാസ്സായി ലാഹോറിൽ നിന്നും വീട്ടിലേക്ക് സൈക്കിളിൽ വന്ന അബ്ദുസ്സലാമിന് വഴിനീളെ സ്വീകരണം ലഭിച്ചു. പഞ്ചാബ് ഗവർമെന്റ് കോളേജിൽനിന്നും കേംബ്രിഡ്ജ് സെന്റ് ജോൺസ് കോളേജിൽ നിന്നും സ്കോളർഷിപ്പ് നേടി. 1949-ൽ മാത്തമാറ്റിക്സിലും ഫിസിക്സിലും ഒന്നാം റേങ്കോടെ എംഎസ്സി പാസ്സായി. ഫിസിക്സിന് നൽകിയ സംഭാവനകൾ കണക്കിലെടുത്ത് 1950-ൽ കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിൽനിന്നും സ്മിത്ത് പ്രൈസ് ലഭിച്ചു. ശേഷം കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിൽനിന്ന് തന്നെ തിയററ്റിക്കൽ ഫിസിക്സിൽ പി.എച്ച്.ഡി. നേടി. 1951-ൽ അദ്ദേഹത്തിന്റെ തിസിസ് പ്രസിദ്ധപ്പെടുത്തിയതോടെ ലോകശ്രദ്ധ നേടി.

1951-ൽ പാക്കിസ്ഥാനിലേക്ക് മടങ്ങുകയും ലാഹോർ ഗവർമെന്റ് കോളേജിൽ ഗണിതാധ്യാപകനാവുകയും ചെയ്തു. 1952-ൽ പഞ്ചാബ് യൂണിവേഴ്സിറ്റിയുടെ ഗണിതശാസ്ത്രവിഭാഗം മേധാവിയായി ചുമതലയേറ്റു. പാക്കിസ്ഥാനിൽ ഒരു ഗവേഷണ കേന്ദ്രം സ്ഥാപിക്കുകയെന്ന ലക്ഷ്യത്തോടെയാണ് അദ്ദേഹം തിരിച്ചുവന്നതെങ്കിലും പല തടസ്സങ്ങളും നേരിട്ടു. താമസിയാതെ പാക്കിസ്ഥാൻ വിടുകയും അതിനായുള്ള പരിശ്രമങ്ങൾ ആരംഭിക്കുകയും ചെയ്തു. അവസാനം ട്രിസ്റ്റിയിൽ ഇന്റർനാഷണൽ സെന്റർ ഫോർ തിയററ്റിക്കൽ ഫിസിക്സ് സ്ഥാപിക്കുന്നതിൽ വിജയം നേടി. നിരവധി ഭൗതികശാസ്ത്രജ്ഞന്മാർക്ക് അവധിക്കാലം ചെലവഴിക്കാനും ഗവേഷണങ്ങളിൽ ഏർപ്പെടാനും ഈ സെന്ററിൽനിന്നും സാധിച്ചു. 1961 മുതൽ 1974 കാലയളവിൽ പാക്കിസ്ഥാൻ ആറ്റോമിക് എനർജി കമ്മീഷൻ അംഗം, പാക്കിസ്ഥാൻ സയന്റിഫിക്ക് കമ്മീഷൻ അംഗം, പ്രസിഡന്റിന്റെ മുഖ്യ ശാസ്ത്ര കാര്യ ഉപദേഷ്ടാവ് എന്ന നിലകളിൽ പ്രവേശിച്ചു. 1957 മുതൽ ലണ്ടൻ ഇംപീരിയൽ കോളേജിലെ തിയററ്റിക്കൽ ഫിസിക്സ് പ്രൊഫസറായും 1964 മുതൽ ട്രിസ്റ്റ് ഐ.സി.ടി.പി. ഡയരക്ടറായും പ്രവർത്തിച്ചു. 40 വർഷക്കാലം തിയററ്റിക്കൽ ഫിസിക്സിൽ ഗവേഷണം നടത്തുകയും ഭൗതികശാസ്ത്ര വളർച്ചയിൽ നിർണ്ണായകമായ ആശയങ്ങൾ സംഭാവന ചെയ്യുകയും ചെയ്തു. വികസ്വര രാജ്യങ്ങളുടെ ഫിസിക്സിലുള്ള വളർച്ചക്കായി നിരവധി യു.എൻ. കമ്മിറ്റികളിൽ അദ്ദേഹം സേവനമനുഷ്ഠിച്ചു.

ഗവേഷണ കേന്ദ്രത്തിൽ ഡോ. സലാം മറ്റുള്ളവരേക്കാൾ കഠിനമായി ജോലി ചെയ്തിരുന്നതിനാൽ സഹപ്രവർത്തകർ എപ്പോഴും അദ്ദേഹത്തോട് സഹകരിച്ചിരുന്നു. ആറ്റംസ് ഫോർ പീസിൽനിന്നും ലഭിച്ച തുക പാക്കിസ്ഥാനിലെ യുവശാസ്ത്രജ്ഞർക്ക് ട്രിസ്റ്റി ഐ.സി.ടി.പി സന്ദർശിക്കാൻ നീക്കിവച്ചു. നോബൽ സമ്മാനത്തിൽ നിന്നും ലഭിച്ച തുകയിൽ ചില്ലിക്കാശ് പോലും സ്വന്തമായെടുക്കാതെ മുഴുവൻ തുകയും വികസ്വര രാഷ്ട്രങ്ങളുടെ ഫിസിക്സ് ശാസ്ത്രജ്ഞരുടെ ഉന്നമനത്തിനായുള്ള ഫണ്ടിലേക്ക് നീക്കിവച്ചു. ഡോ. അബ്ദുസ്സലാമിന്റെ ജീവിതം ഇസ്‌ലാം ആയിരുന്നു. അല്ലാഹുവിൽ നിന്നുള്ള വരദാനമായാണ് തന്റെ നേട്ടങ്ങളെ നോക്കിക്കണ്ടത്. ഖിലാഫത്തുമായി അഭേദ്യമായ ബന്ധം പുലർത്തിയിരുന്ന മഹത് വ്യക്തിത്വം കൂടിയായിരുന്നു അദ്ദേഹം.

(2-ാം പേജിൽ നിന്ന്)


നാണ്. അവന് എല്ലാമറിയാം, അവന്റെ അറിവ് പൂർണ്ണമാണ്. അവൻ മനുഷ്യന്റെ പാതാളംവരെ അറിയുന്നവനാണ്. യതീമിനെ സംരക്ഷിക്കുന്നതിന്റെ പിന്നിലുള്ള നിയ്യത്തെന്താണെന്ന് അവനറിയുന്നു. സമൂഹത്തെ വഞ്ചിക്കാൻ കഴിയും. കോടതിയിൽ കേസ് വിജയിക്കാനും കഴിയും. പക്ഷേ, അല്ലാഹുവിനെ വഞ്ചിക്കാൻ കഴിയില്ല. അല്ലാഹു ഒരു മുഅ്മിനിൽനിന്ന് പ്രതീക്ഷിക്കുന്നത്, സ്നേഹിക്കുന്ന ഒരു സഹോദരനെപ്പോലെ നിങ്ങൾ യതീമിനോട് പെരുമാറണമെന്നാണ്. അവിടെ യതീമിന്റെ ധനം തിന്നുന്ന പ്രശ്നമേയില്ല. അവരെ സംരക്ഷിക്കുക എന്നത് മാത്രമല്ല, അവരെ അവരുടെ സ്വന്തം കാലിൽ നിറുത്താൻ കഴിയുമെങ്കിൽ സ്വന്തമായിട്ട് ചെലവഴിക്കുകയും ചെയ്യുക. സമൂഹത്തിന്റെ ഫലപ്രദവും പ്രവർത്തനസജ്ജവുമായ വിഭാഗമായിത്തീരാൻ അവരെ എന്തെങ്കിലും ജോലിയിൽ ഏർപ്പെടുത്തുക. *വലവ് ശാഅല്ലാഹു ലഅഅ്നതക്കും* എന്ന് അല്ലാഹു പറയുന്നു. അതായത്, അല്ലാഹു ഉദ്ദേശിച്ചാൽ അവൻ നിങ്ങളെ ബുദ്ധിമുട്ടുകളിൽ അകപ്പെടുത്തും (2:221). നിങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്ന കാര്യങ്ങൾ കല്പിക്കും. ഏതെങ്കിലും യതീമിന്റെ പിതാവ് സ്വത്ത് വിട്ടുംവെച്ച് മരിച്ചിട്ടുണ്ടെങ്കിൽ, നിങ്ങൾ അത് കൈകാര്യം ചെയ്യണ്ട എന്ന് കല്പിക്കും. യതീമിന്റെ ഓരോ പൈസയും നിങ്ങൾ തിരിച്ചുകൊടുക്കേണ്ടതാണ്. അവരെ സ്വന്തം ചെലവിൽ സംരക്ഷിക്കുകയും ചെയ്യുക. യതീമിന്റെ ധനത്തിൽനിന്ന് അവരെ സംരക്ഷിക്കാമെന്ന അധികമായ സൗകര്യം അവൻ ചെയ്തുതന്നിരിക്കുന്നു എന്നതിന്റെ അർത്ഥം അനുവദനീയമല്ലാത്ത നിലയിൽ അതു കൊണ്ട് നേട്ടമുണ്ടാക്കുക എന്നതല്ല.

അതുകൊണ്ട് എപ്പോഴും ഓർക്കുക, അനുവദനീയമല്ലാത്തനിലയിൽ യതീമിന്റെ പണം തിന്നാൽ നിങ്ങൾ പിടിക്കപ്പെടും. അല്ലാഹു പറയുന്നു: ***ഇന്നല്ലദീന യഅ്ക്കുലൂന അംവാലൽ യതാമാ ളുൽമൻ ഇന്നമാ യഅ്ക്കുലൂന ഫീ ബുതൂനിഹിം നാറാ***. അനാഥരുടെ ധനം അന്യായമായി തിന്നുന്നവർ തീർച്ചയായും അവരുടെ വയറുകളിൽ തീ തിന്നു നിറയ്ക്കുക മാത്രമാണ് ചെയ്യുന്നത് (4:11).

ചിലപ്പോൾ, വിധവ വിവാഹം കഴിക്കരുതെന്ന് ബന്ധുക്കൾ ആഗ്രഹിക്കാറുണ്ട്. വാസ്തവത്തിൽ വിധവയെ വിവാഹം കഴിപ്പിക്കുക എന്നതും ഒരു നല്ല കർമ്മമാണ്. അത്തരം തടസ്സം നില്ക്കുന്നവർക്ക് മറുപടിയായി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) *'വല്ലാഹു അസീസുൻ ഹക്കീം'* എന്ന വാക്യത്തിന് വ്യാഖ്യാനം നല്കിക്കൊണ്ട് പറയുന്നു: വിധവയെ വിവാഹം കഴിപ്പിക്കുന്നത് തങ്ങളുടെ അഭിമാനത്തിനെതിരാണെന്ന് ചിലർ പറയാറുണ്ട്. പ്രത്യേകിച്ച്, പാക്കിസ്ഥാൻ, ഹിന്ദുസ്ഥാൻ സമൂഹം. അവിടെ ചില കുടുംബങ്ങളിൽ ഇക്കാര്യത്തിൽ വലിയ കാർക്കശ്യമാണുള്ളത്. അത് തങ്ങളുടെ മാനത്തിന്നെതിരാണത്രെ!

(ഖുത്ബ, 16.11.07)

# പീഡനത്തിന്റെ നാൾവഴികൾ...



*(കഴിഞ്ഞ ലക്കത്തിൽ നിന്ന് തുടർച്ച)*

**1981**- മനുഷ്യാവകാശങ്ങൾക്കായുള്ള ആഫ്രിക്കൻ ചാർട്ടർ.

ജൂൺ 9, 1982- ഖലീഫത്തുൽ മസീഹ് മൂന്നാമന്റെ നിര്യാണം.

ജൂൺ 10, 1982- ഹദ്റത്ത് മിർസാ ത്വാഹിർ അഹ്‌മദ് ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടു.

1982- പാക്ക് ശിക്ഷാനിയമത്തിൽ PPC 295-B കൂട്ടിച്ചേർക്കുന്നു. ഇതിലൂടെ ഖുർആനെ ആക്ഷേപിക്കുന്നവർക്കെതിരെ ജയിൽ ശിക്ഷ ഏർപ്പെടുത്തുന്നു.

1983- ഇസ്‌ലാമിക് ഐഡിയോളജിക്കൽ കൗൺസിൽ ഇസ്‌ലാം ഉപേക്ഷിക്കുന്നവർക്ക് ഗവർമെന്റ് ജോലി നിഷേധിക്കാൻ ശുപാർശ ചെയ്യുന്നു.

ഏപ്രിൽ 26, 1984- അഹ്‌മദികൾക്കെതിരായ 20-ാം ഓർഡിനൻസ് സിയാവുൽഹഖ് പുറത്തിറക്കി. ഈ ഓർഡിനൻസിലൂടെ പാക്ക് ശിക്ഷാനിയമത്തിൽ 298-B, 298-C എന്നീ വകുപ്പുകൾ കൂട്ടിച്ചേർത്തു. ഇതിലൂടെ അഹ്‌മദികളുടെ മത സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടു. ഇത് ലംഘിക്കുന്നവർക്ക് ജീവപര്യന്തം തടവുശിക്ഷയും പിഴ ഏർപ്പെടുത്തി.

ഏപ്രിൽ 30, 1984- ഖലീഫത്തുൽ മസീഹ് നാലാമൻ ലണ്ടനിലേക്ക് ഹിജ്റത്ത് നടത്തി.

ഡിസംബർ 12, 1984- സാഹിവാൾ പള്ളിക്കേസുമായി ബന്ധപ്പെട്ട് നയിമുദ്ദീനേയും ഇല്യാസ് മുനീറിനേയും മരണശിക്ഷയ്ക്ക് വിധിച്ചു. മറ്റ് നാലുപേരെ ജീവപര്യന്തം തടവിന് ശിക്ഷിച്ചു.

ഡിസംബർ 1984- റബ്‌വയിൽ അഹ്‌മദിയ്യാ വാർഷിക സമ്മേളനം വിലക്കി. പിന്നീടിതേവരെ ജമാഅത്തിനോ പോഷക സംഘടനകൾക്കോ ഇജ്തിമാകൾ നടത്താൻ സാധിച്ചിട്ടില്ല.

ഡിസംബർ 1984- അഹ്‌മദിയ്യാ ദിനപത്രം അൽഫസ്‌ൽ അടച്ചുപൂട്ടാൻ ഉത്തരവിറങ്ങി. നാലുവർഷം ഈ നിരോധനം നിലവിലിരുന്നു. ജമാഅത്തിന്റെ ഇതര പ്രസിദ്ധീകരണങ്ങളും നിരുത്തിവെക്കപ്പെട്ടു. ഒരു ഘട്ടത്തിൽ അൽഫസ്‌ൽ പത്രത്തിന്റെ എഡിറ്ററുടെ പേരിൽ 40ഉം പ്രിന്ററുടെ പേരിൽ 92ഉം കേസുകൾ ചാർജ്ജ് ചെയ്തിരുന്നു. കൂടാതെ അഹ്‌മദിയ്യാ പ്രസിദ്ധീകരണങ്ങളിൽ 'ആമീൻ', 'ഇൻശാഅല്ലാഹ്' തുടങ്ങിയ വാക്കുകൾ ഉപയോഗിക്കുന്നത് പൂർണ്ണമായും തടഞ്ഞു.

ഫെബ്രു, 1985- ദിഗ്ര പള്ളിയിൽനിന്ന് ലോക്കൽ പ്രസിഡന്റ് രാജാ നാസിർ അഹ്‌മദ് അടക്കം 41 പേരെ അറസ്റ്റ് ചെയ്തു.

മാർച്ച് 23, 1985- ജൂനേജോ പാക്ക് പ്രധാനമന്ത്രിയായി.

ഫെബ്രുവരി, മെയ്, 1985- കുൻറി, താർപർകർ തുടങ്ങിയ സ്ഥലങ്ങളിൽ (സിന്ധ്) അനേകം അഹ്‌മദികളെ കലിമ ചൊല്ലിയതിന്റെ പേരിൽ അറസ്റ്റുചെയ്ത് പീഡിപ്പിച്ചു.

മെയ് 23, 1985- അഹ്‌മദിയ്യാ ദിനപത്രം അൽഫസ്‌ലിന്റെ ഡിക്ലറേഷൻ റദ്ദ് ചെയ്തു. പത്രത്തിന്റെ പ്രസ്സ് സീൽ ചെയ്തു. പിൽക്കാലത്ത് പാക്ക് പ്രധാനമന്ത്രിയായ മിയാൻ നവാസ് ശെരീഫ് ആയിരുന്നു അന്നത്തെ പഞ്ചാബ് മുഖ്യമന്ത്രി.

ആഗസ്റ്റ് 4-6, 1985- 'ഇൻശാഅല്ലാഹ്, നമ്മെ ബാധിച്ചിരിക്കുന്ന ഖാദിയാനിസം എന്ന കാൻസറിനെ തുടച്ചുനീക്കുന്ന ശ്രമങ്ങൾ ഊർജ്ജിതമാക്കു'മെന്ന് ജനറൽ സിയാവുൽഹഖ് പ്രഖ്യാപിക്കുന്നു. കുപ്രസിദ്ധമായ ഓർഡിനൻസ് 20 അനുസരിച്ച് 3500 ഓളം അഹ്‌മദികൾ ചാർജ്ജ് ചെയ്യപ്പെട്ടു. ഇതിൽ റബ്‌വാ നിവാസികൾ മുഴുവൻപേരും ഉൾപ്പെടുന്നു.

ആഗസ്റ്റ് 27, 1985- ന്യൂനപക്ഷങ്ങളുടെ സംരക്ഷണത്തിനും അസമത്വ നിർദ്ധാരണത്തിനുമുള്ള യു.എൻ സബ് കമ്മറ്റി റിപ്പോർട്ട് സമർപ്പിച്ചു. ഇതിൽ പാക്കിസ്ഥാനിലെ അഹ്‌മദിയ്യാ പീഡനത്തെക്കുറിച്ച് പ്രത്യേകമായി പരാമർശിച്ചിരുന്നു.

സെപ്തംബർ 9, 1985- പെഷവാറിലെ ഒരു അഹ്‌മദി തയ്യൽക്കാരനായ മുഹമ്മദ് ഇദ്രീസിനെ ജീവപര്യന്തം തടവിനും 10,000രൂപ പിഴയടക്കാനും ശിക്ഷിക്കുന്നു. ഇദ്ദേഹം ചെയ്ത കുറ്റം കലിമ എഴുതിയ ബോർഡ് തന്റെ കടയിൽ പ്രദർശിപ്പിച്ചു എന്നതാണ്.

നവംബർ 28, 1985- അഹ്‌മദിയ്യാ വിപത്തിനെ ഒഴിവാക്കാൻ പാക്കിസ്ഥാൻ കൈക്കൊണ്ട നടപടികൾ ഇതരലോക രാഷ്ട്രങ്ങളും കൈക്കൊള്ളേണ്ടതാണെന്ന് പാക്ക് പ്രധാനമന്ത്രി ജൂനേജോയുടെ പ്രസ്താവന.

ഡിസംബർ 30, 1985- 20-ാം ഓർഡിനൻസ് ഭരണഘടനാ സാധുത. ഭരണഘടനയുടെ 8-ാം ഭേദഗതിയിലൂടെ അഹ്‌മദികൾക്കായി പ്രത്യേക ഇലക്ടറേറ്റ് ഏർപ്പെടുത്തുന്നു. (തുടരും)

# ശില്പശാല

**മാത്തോട്ടം:** ഡിസംബർ 25-ന് മാത്തോട്ടത്തുവച്ച് ഖുദ്ദാമുൽ അഹ്‌മദിയ്യാ നോർത്ത് ഇലാഖയുടെ ആഭിമുഖ്യത്തിൽ പ്രബന്ധരചനാ ശില്പശാല നടന്നു. ഖാദിംകൾക്കും അത്ഫാലുകൾക്കുമായുള്ള ഈ ശില്പശാല കോഴിക്കോട് മേഖലാ അമീർ ഏ.എം. മുഹമ്മദ് സാഹിബ് ഉദ്ഘാടനം ചെയ്തു. നോർത്ത് ഇലാഖാ ഖാഇദ് ശെഫി അഹ്‌മദ് സാഹിബ് യോഗത്തെ അഭിസംബോധന ചെയ്തു. പ്രബന്ധരചനയുടെ നിയമങ്ങൾ വിശദീകരിച്ച അദ്ദേഹം ഖാഇദ് എന്ന നിലയിൽ തന്റെ കർത്തവ്യങ്ങൾ പൂർത്തിയാകുന്നതിന് മുഴുവൻ ഖാദിംകളുടേയും സഹകരണം ആവശ്യപ്പെട്ടു. തുടർന്ന് ജനാബ് ഈസക്കോയ സാഹിബ് 'ഉപന്യാസ രചന' എന്ന വിഷയം അവതരിപ്പിച്ചു. ലക്ഷണമൊത്ത ഉപന്യാസങ്ങളുടെ സൃഷ്ടിയെക്കുറിച്ച് അദ്ദേഹം വിശദീകരിച്ചു. തുടർന്ന് മൗലവി ഇസ്മായീൽ സാഹിബ്, മൗലവി ടി.കെ. മഹ്മൂദ് സാഹിബ് (ഖുലഫായെ റാശിദീങ്ങൾ) മൗലവി സഫർ അഹ്‌മദ് സാഹിബ് (ഒന്നാം ഖിലാഫത്ത്), മൗലവി ശഫീഖ് സാഹിബ് (രണ്ടാം ഖിലാഫത്ത്), ഏ.എം. സലിം സാഹിബ് (നാലാം ഖിലാഫത്ത്), മൗലവി ടി.കെ. അയ്യൂബ് (അഞ്ചാം ഖിലാഫത്ത്) എന്നിവർ ക്ലാസ്സെടുത്തു. അത്ഫാലുകൾക്കുവേണ്ടി ജനാബ് ടി.ശംസുദ്ദീൻ, ജനാബ് സയ്യദ്, മൗലവി ജംഷാദ് എന്നിവർ വിവിധ വിഷയങ്ങളെ ആസ്പദമാക്കിക്കൊണ്ട് പ്രഭാഷണം നടത്തി. ക്യാമ്പിൽ 60 ഓളം ഖാദിംകളും 25 ഓളം അത്ഫാലുകളും പങ്കെടുത്തു.

## നോർത്ത് മേഖലാ മജ്‌ലിസെ- ആമില യോഗം ചേർന്നു

**കോഴിക്കോട്:** പുതുതായി അംഗീകാരം ലഭിച്ച നോർത്ത് ഇലാഖാ മജ്‌ലിസെ- ആമിലയുടേയും ജില്ലാ ഖാഇദ്, വിവിധ മജ്‌ലിസ് ഖായിദുമാർ എന്നിവരുടേയും സംയുക്തയോഗം ഡിസംബർ 2-ന് കോഴിക്കോട് ബയ്ത്തുൽ ഖുദ്ദൂസിൽവച്ച് ചേർന്നു. യോഗത്തിൽ അഖിലേന്ത്യാ നായിബ് സദ്ർ ജനാബ് സലാഹുദ്ദീൻ സാഹിബ് പങ്കെടുത്തു. ഖിലാഫത്ത് ജൂബിലി, ഇജ്തിമാ തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് വിശദമായ ചർച്ചനടന്നു.

അൽ ഹഖ്
AHMADIYYA NEWS BULLETTIN
നവംബർ 2007 ദുൽഖഅദ്-ദുൽഹജ്

## ആത്മീയത കച്ചവടമല്ല

"ആത്മീയത കച്ചവടമല്ല, വിമോചനമാണ്" സോളിഡാരിറ്റി പുറത്തിറക്കിയ പുതിയ ബ്രാന്റ് പരസ്യമാണിത്. 'ഇന്ത്യയുടെ മോചനം ഇസ്‌ലാമിലൂടെ' എന്ന കുപ്രസിദ്ധ മുദ്രാവാക്യത്തിലൂടെ ഭാരതമണ്ണിൽ കുഴിച്ചുമൂടപ്പെട്ട സിമിയിൽ ഒറ്റയും തറ്റയുമായി അങ്ങുമിങ്ങും വേറിട്ടുകിടക്കുന്നവരുടെ മഹാസംഗമമായി സോളിഡാരിറ്റിയെ വിശേഷിപ്പിക്കാവുന്നതാണ്. നാഴികക്ക് നാൽപതുവട്ടം ലോകമാകമാനമുള്ള സകല മുദ്രാവാക്യങ്ങളും തലയിലേറ്റി ന്യൂസ് കവറേജുള്ള പട്ടണങ്ങളിൽ ചില കോപ്രായത്തരങ്ങൾ ഒപ്പിച്ചെടുക്കുന്നതിൽ കവിഞ്ഞ് ഇസ്‌ലാമിക ആദർശങ്ങളിലോ, എന്തിന് തലതൊട്ടപ്പനായ മൗദൂദി സാഹിബിന്റെ കിത്താബുകളിലോ താൽപര്യം കാണിക്കാതെ അവസാനം ഇങ്ങ് കേരളക്കരയിൽ സുന്നികളേയും മുജാഹിദുകളേയും ഒന്ന് കുടഞ്ഞാലോയെന്നുള്ള ചിന്തയിൽനിന്നും ഉരുത്തിരിഞ്ഞുവന്ന പുതിയ മുറവിളിയുടെ പര്യവസാനവും മറ്റൊന്നായിരിക്കില്ല. പാക്കിസ്ഥാൻ ജമാഅത്തെ ഇസ്‌ലാമിയുടെ തീവ്രവാദ ആശയങ്ങളിൽനിന്നും തെല്ലൊരു കച്ചവടക്കണ്ണോടെ ഇന്ത്യയിൽ പണിതുയർത്തിയ വർഗ്ഗീയ ചേരിതിരിവിൽനിന്നും ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിക്ക് ഒന്നും നേടാനായില്ലെന്നുള്ളത് പൂർവ്വകാലചരിത്രം. മനസ്സിലിരുപ്പുകൾ ഒന്നൊന്നായി പുറത്തുവരുമ്പോഴൊക്കെ സർക്കാരിന്റെ മൂക്കുകയറിൽ സ്വത്വം നഷ്ടപ്പെട്ട് പിളർപ്പുകളിലും 'കുഞ്ഞാടു'കളുടെ ജനനത്തിലും കലാശിച്ച ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ ചരിത്രം ആർക്കും പറഞ്ഞുകൊടുക്കേണ്ടതില്ല. അഹ്മദിയ്യാ വിരുദ്ധതയെന്ന അജണ്ടയിന്മേൽ ലോകമുസ്‌ലിം നേതൃത്വം കൈപ്പിടിയിലാക്കുകയെന്ന തന്ത്രം ഒരുപാട് പയറ്റിനോക്കിയെങ്കിലും അഹ്മദിയ്യാ ജമാഅത്ത് 190 ഓളം രാഷ്ട്രങ്ങളിൽ വേരോടുകയും ജമാഅത്തെ ഇസ്‌ലാമി 1900 കഷണങ്ങളായി ചിന്നിച്ചിതറിയതും സമീപകാല ചരിത്രം മാത്രം. അഹ്മദികളോട് കളിച്ചിട്ട് കാര്യമില്ലെന്ന് ബോധ്യമായപ്പോൾ ആഗോള കുത്തകകൾക്കെതിരേയും അമേരിക്കൻ സാമ്രാജ്യത്വത്തിന് നേരെയും തിരിഞ്ഞത് നമ്മളൊക്കെ കണ്ടതാണ്. സാമ്രാജ്യത്വത്തിന്നെതിരെ വിദേശ ഉൽപന്നങ്ങൾ ബഹിഷ്കരിക്കുമെന്ന് പ്രഖ്യാപിച്ച് തെരുവിലിറങ്ങിയവരുടെ കൈയിൽ 'നോക്കിയ'യുടെ മൊബൈൽഫോണും, കീശയിൽ റെയ്നോൾഡിന്റെ പേനയും വീട്ടിൽ സോണി ടിവിയും, വേൾപൂൾ വാഷിങ്മെഷിനും ഒക്കെ കണ്ടപ്പോൾ ജനങ്ങൾ അമ്പരന്നുപോയി. അവിടെയും ഗതിപിടിക്കാഞ്ഞപ്പോൾ മുസ്‌ലിം സോദരങ്ങൾക്കെതിരായിരിക്കുകയാണ് യുവതുർക്കികളുടെ പോരാട്ടം. അനഹ്മദി മുസ്‌ലിംകൾ ആത്മീയത കച്ചവടമാക്കിയത് സോളിഡാരിറ്റികൾ ഇപ്പോൾ മാത്രമായിരിക്കും തിരിച്ചറിഞ്ഞത്. പക്ഷേ, അഹ്മദികൾ വർഷങ്ങൾക്കുമുമ്പേ പെരുമ്പറകൊട്ടി പറഞ്ഞതാണിതൊക്കെ. ഉറൂസുകളിലൂടെയും, ദിക്റുകളിലൂടെയും, റാത്തീബുകളിലൂടെയും ദർഗ്ഗകളുടെ മറവിയും പാവപ്പെട്ട മുസ്‌ലംകളുടെ പണം അടിച്ചെടുത്ത് വീതം വെപ്പിന്റെ പേരിൽ തമ്മിൽ തല്ലുന്ന മഹല്ല് കമ്മിറ്റികൾ നാട്ടിൽ ധാരാളമുണ്ട്. പക്ഷേ, പകുതി കീശയിലും പകുതി പള്ളിക്കുവേണ്ടിയും പോകും. എന്നാൽ, സോളിഡാരിറ്റിക്കാരുടെ പിതൃമഹാന്മാരായ ജമാഅത്തെ ഇസ്‌ലാമി ആത്മീയതയെ രാഷ്ട്രീയവൽക്കരിച്ചവരാണ്. രാഷ്ട്രം എന്നത് എന്ത് എന്ന് നിർവചിക്കാൻ ഗ്രന്ഥങ്ങൾ എഴുതിക്കൂട്ടിയ മൗലാനാ മൗദൂദിയെ പിൻഗാമികൾ അദ്ദേഹത്തിന്റെ പുസ്തകങ്ങൾ വലിച്ചെറിഞ്ഞത് സ്വാഭാവികം. സങ്കുചിത രാഷ്ട്രീയ താൽപര്യങ്ങൾ സംരക്ഷിക്കാൻ പടച്ചുകൂട്ടി രാജ്യത്താകമാനം വർഗ്ഗീയ കലാപങ്ങൾ അഴിച്ചുവിട്ട് നിരപരാധികളായ ആയിരക്കണക്കിന് മുസ്‌ലിം സഹോദരങ്ങളെ ഹിന്ദു വർഗ്ഗീയവാദികൾക്കു മുന്നിൽ കുരുതികൊടുക്കാൻ കൂട്ടുനിന്ന പാരമ്പര്യമാണ് ജമാഅത്തെ ഇസ്‌ലാമിക്കുള്ളത്. വർഗ്ഗീയ സംഘട്ടന സമയത്ത് ചെലവാക്കപ്പെടുന്ന ആയുധങ്ങൾക്കും ബോംബുകൾക്കും പിന്നിലാണ് കച്ചവടതാൽപര്യമുണ്ടായിരുന്നത്. ആത്മീയ കച്ചവടത്തക്കുറിച്ച് വല്ലാതെ വേവലാതിപ്പെടുന്ന സോളിഡാരിറ്റിക്കാർ പിതാമഹന്മാരായ ജമാഅത്തെ ഇസ്‌ലാമിയുടെ രാഷ്ട്രീയ കച്ചവടത്തിനെതിരെ പോരാടുകയാണ് ചെയ്യേണ്ടിയിരുന്നത്.

## അഫ്ഗാനിലെ ചില വിശേഷങ്ങൾ

അഫ്ഗാനിസ്ഥാനിൽ താലിബാൻ ഭരണം ഉണ്ടായിരുന്നപ്പോൾ അവിടെ നടന്ന സ്ത്രീവിരുദ്ധ അടിച്ചമർത്തലുകൾ കുപ്രസിദ്ധമാണ്. നീണ്ടകാലത്തെ ആഭ്യന്തര കലഹങ്ങളുടെ അവസാനം താലിബാൻ അഫ്ഗാനിലെത്തിയപ്പോൾ തുടങ്ങിവെച്ചത് ഇസ്‌ലാമിന്റെ പേരിലുള്ള പ്രാകൃത ഭരണമായിരുന്നു. ഇപ്പോഴും അഫ്ഗാനിലെ വനിതകളുടെ അവസ്ഥ മുഴുവനായും മാറിയിട്ടുണ്ട് എന്നു പറയാൻ വയ്യ. എന്തായാലും താലിബാൻ കാലത്തെ ചില നിയന്ത്രണങ്ങൾ സ്തോഭജനകമായ മാനസികാവസ്ഥയിലേക്ക് നമ്മെ കൊണ്ടുപോകും. അവയിൽ ചിലത് ഇങ്ങനെയായിരുന്നു.

പർദ്ദ (ബുർഖ) ധരിച്ചുമാത്രമേ പുറത്തിറങ്ങാൻ പാടുള്ളൂ. പർദ്ദയുടെ താലിബാൻ ഭാഷ്യം കടുത്തതാണ്. അടിമുതൽ മുടിവരെ തീർത്തും മറ വേണമെന്നതാണത്. കൂടാതെ പുറത്തിറങ്ങുമ്പോൾ ഒന്നുകിൽ ഭർത്താവ് അല്ലെങ്കിൽ പിതാവ്/ സഹോദരൻ, ഇവരുടെകൂടെ മാത്രമേ സ്ത്രീകൾ സഞ്ചരിക്കാൻ പാടുള്ളൂ. ഇതിന് വിരുദ്ധമായി സഞ്ചരിച്ചാൽ ശിക്ഷ ഉറപ്പാണ്. ശിക്ഷ ചാട്ടവാറടിയാകാം. പരസ്യമായ അധിക്ഷേപമാകാം ഒരു പക്ഷേ ഇതിലും കടന്ന ജയിൽശിക്ഷയാകാം.

* സ്ത്രകൾ സംഗീതം കേൾക്കുന്നത് കർശനമായി വിലക്കിയിരുന്നു.
* പുരുഷന്മാരായ തയ്യൽക്കാർക്ക് അളവെടുക്കാൻ നിന്നുകൊടുക്കരുത്.
* സ്ത്രീകൾ പൊതുസ്ഥലത്ത് സമ്മേളിക്കരുത്.
* സൈക്കിൾ സവാരി, കായികമത്സരങ്ങൾ, ടി.വി/ റേഡിയോ അവതരണം ഇതൊന്നും പാടില്ല.
* സൗന്ദര്യ വർദ്ധക വസ്തുക്കൾ ഉപയോഗിച്ചുകൂടാ. ഇക്കാലത്ത് നഖം പോളിഷ് ചെയ്തതിന് ഒത്തിരി വനിതകളെ പിടിച്ചുകൊണ്ടുപോയി. ഇവർക്ക് ലഭിച്ച ശിക്ഷ പോളിഷ് ചെയ്ത നഖങ്ങൾ വെട്ടിക്കളഞ്ഞു. പിന്നെ പോളിഷ് ഇടേണ്ട പണിയില്ലല്ലോ.
* വിവാഹേതര ലൈംഗിക ബന്ധത്തിന്റെ ശിക്ഷ മരണമാണ്. കല്ലെറിഞ്ഞ് കൊല്ലുകയെന്നതാണ് കൂടുതൽ ഉപയോഗിക്കപ്പെട്ട വധശിക്ഷാരീതി. തോക്കുകൊണ്ട് വെടിവെച്ചുകൊന്ന സംഭവങ്ങളും കുറവല്ല.
* പുരുഷന്മാരായ കച്ചവടക്കാരിൽനിന്നും സാധനങ്ങൾ വാങ്ങിക്കൂടാ. ഹൈഹീൽഡ് ചെരിപ്പുകൾ ധരിക്കുന്നതിൽനിന്ന് അഫ്ഗാൻ നാരികളെ താലിബാൻ വിലക്കിയിരുന്നു. കാരണം ഹൈഹീൽഡ് ചെരിപ്പുകളുമായി തെരുവിലിറങ്ങുമ്പോൾ കാലടിശബ്ദം പുറത്തുവന്നേക്കാം. സ്ത്രീകൾ ശബ്ദമുയർത്തരുതെന്നാണ് താലിബാൻ പറഞ്ഞത്.

ചുരുക്കത്തിൽ നൂറ്റാണ്ടുകൾ പിറകിലേക്ക് ജനജീവിതത്തെ, വിശിഷ്യാ സ്ത്രീകളെ കൊണ്ടുപോയ ഒന്നായിരുന്നു താലിബാൻ ഭരണം. ലോകത്തെമ്പാടുമുള്ള മുസ്‌ലിംകളെ പ്രാകൃതരും പീഡകരുമാക്കി ചിത്രീകരിക്കാനുതകുന്ന ഭരണരീതികളായിരുന്നു താലിബാൻ പിന്തുടർന്നത്. കാട്ടുനീതിയെ ഇസ്‌ലാമെന്ന പേരിൽ അവതരിപ്പിച്ചപ്പോൾ നഷ്ടപ്പെട്ടത് മഹാമാനവികതയുടെ സമാധാന സന്ദേശമായിരുന്നു.

## ശഫിഅഹ്മദ് നോർത്ത് ഇലാഖാ ഖാഇദ്



ഖാദിയാൻ: ശഫിഅഹ്മദ് സാഹിബിനെ നോർത്ത് കേരള മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ പുതിയ ഖാഇദായി നിയമിച്ചതായി അഖിലേന്ത്യാ സദ്ർ മൗലവി ഇസ്മായിൽ താഹിർ സാഹിബ് അറിയിച്ചു. കണ്ണൂർ സ്വദേശിയായ ശെഫി അഹ്മദ് സാഹിബ് വടക്കൻകേരളത്തിലെ അഹ്മദി യുവജന പ്രസ്ഥാനത്തിന്റെ നേതൃനിരയിലെ പരിചിതമുഖമാണ്. നേരത്തെ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ പ്രവർത്തകസമിതിയിൽ തഅ്ലിം സിക്രട്ടറിയായിരുന്നു. കണ്ണൂർ സിറ്റി മജ്‌ലിസിൽ തുടർച്ചയായി മൂന്നു തവണ ഖാഇദായും ശെഫി സാഹിബ് സേവനമനുഷ്ഠിക്കുകയുണ്ടായി.

ഊർജ്ജതന്ത്രത്തിൽ ബിരുദധാരിയായ ശെഫി സാഹിബ് പ്ലൈവുഡ് ടെക്നോളജിയിൽ ബാംഗ്ലൂരിലെ IPRTIൽനിന്ന് ബിരുദാനന്തര ഡിപ്ലോമ കരസ്ഥമാക്കിയിട്ടുണ്ട്. കണ്ണൂർ എസ്. എൻ. കോളേജിലെ വിദ്യാഭ്യാസകാലത്ത് വിവിധ ചിത്രകല, സാഹിത്യ വേദികളിൽ സജീവമായിരുന്നു. മർഹൂം കെ.സി. മഹ്മൂദ് സാഹിബിന്റേയും മറിയംബി സാഹിബയുടെയും മകനാണ് ശെഫി സാഹിബ്. എറണാകുളം സ്വദേശിനി സെഫൂറയാണ് ഭാര്യ. മൂന്ന് മക്കളുണ്ട്.

## നജിബ് സാഹിബ് സൗത്ത്മേഖലാ ഖാഇദ്



ഖാദിയാൻ : നജിബ് സാഹിബിനെ ഖുദ്ദാമുൽ അഹ്മദിയ്യാ സൗത്തിന്റെ പുതിയ ഖാഇദായി സദ്ർ സാഹിബ് ഭാരത് നിയമിച്ചു. കാക്കനാട് ജമാഅത്ത് മുൻപ്രസിഡണ്ട് മർഹൂം ഇ.എം. ഹൈദ്രോസ് സാഹിബിന്റേയും വി.കെ. ജമില സാഹിബയുടേയും മകനാണ്. നിലവിൽ കാക്കനാട് ജമാഅത്തിലെ ഇസ്‌ലാഹോ ഇർശാദ് സിക്രട്ടറിയാണ്. കാക്കനാട് മജ്‌ലിസിന്റെ മുൻഖാഇദായിരുന്നു. സൗത്ത് കേരള ഇലാഖയുടെ തർബിയത്ത് സിക്രട്ടറിയുമായിരുന്നു ഇദ്ദേഹം. കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാലയിൽ നിന്ന് ബിടെക് ബിരുദം നേടിയ നജിബ് സാഹിബ് ഇപ്പോൾ കൊച്ചിൻ ഷിപ്പിയാർഡിൽ അസിസ്റ്റന്റ് മാനേജരായി ജോലി ചെയ്യുന്നു.

## പുസ്തകോത്സവം

**എറണാകുളം:** 2007 ഡിസംബർ 1 മുതൽ 10 വരെ എറണാകുളത്ത്വച്ച് നടത്തുന്ന അന്താരാഷ്ട്ര പുസ്തകോത്സവത്തിലെ അഹ്മദിയ്യാ ബുക്ക് സ്റ്റാളിന്റെ പ്രവർത്തനം വൻവിജയമാക്കി മാറ്റുവാൻ എല്ലാ മജ്‌ലിസുകളിലേയും ഖാദിമീംകൾ സജീവമായി രംഗത്തിറങ്ങണമെന്ന് സൗത്ത് ഇലാഖാ ഖാഇദ് ഇ.എച്ച്. നജീബ് സാഹിബ് അഭ്യർത്ഥിച്ചു. എല്ലാ വർഷവും നടത്തിവരുന്ന നമ്മുടെ സ്റ്റാളിന്റെ പ്രവർത്തനംമൂലം അനേകം പേർക്ക് സത്യസന്ദേശം നല്കുവാനും പുസ്തകങ്ങൾ വിറ്റഴിക്കാനും സാധിച്ചിട്ടുണ്ട്. പുസ്തകോത്സവത്തിന് മുന്നോടിയായി 'യേശുക്രിസ്തു കശ്മീരിൽ' എന്ന ഗ്രന്ഥത്തെ പരിചയപ്പെടുത്തിക്കൊണ്ട് ബഹുവർണ്ണ പോസ്റ്ററുകൾ നഗരം മുഴുവൻ നിറഞ്ഞുതുടങ്ങി. യേശുവിന്റെ കല്ലറ കശ്മീരിലാണെന്ന് പ്രഖ്യാപനം ചെയ്യുന്ന പോസ്റ്ററുകൾ പതിപ്പിക്കുവാൻ എറണാകുളം മേഖലയിലെ ഖാദിമീങ്ങളും അൻസാറുകളും അത്ഫാലുകളും സജീവമായി രംഗത്തിറങ്ങിയിട്ടുണ്ട്.

അൽഹഖിലേക്കുള്ള നിങ്ങളുടെ ലേഖനങ്ങൾ, കവിതകൾ, നിർദ്ദേശങ്ങൾ തുടങ്ങിയവ താഴെകാണുന്ന വിലാസത്തിൽ അയച്ചുതരിക (പ്രസിദ്ധീകരണ യോഗ്യമല്ലാത്തവ തിരികെ ലഭിക്കണമെങ്കിൽ മറുപടി കവർ ഉൾക്കൊള്ളിക്കേണ്ടതാണ്.
എഡിറ്റർ, അൽഹഖ്,
C/o. അഹ്മദിയ്യാ കോംപ്ലക്സ്, ഫോർട്ട് റോഡ്,
കണ്ണൂർ – 1

## ഖിലാഫത്തിനോട് കൂടുതൽ അടുക്കുക: മൗലവി ജംഷാദ് സാഹിബ്

**കണ്ണൂർ ടൗൺ:** അഹ്മദികൾ ഖിലാഫത്തിനോട് കൂടുതൽ അടുക്കണമെന്ന് മൗലവി ജംഷാദ് സാഹിബ് പറഞ്ഞു. കണ്ണൂർ ടൗൺ അഹ്മദിയ്യാ പള്ളിയിൽ ചേർന്ന തർബിയ്യത്ത് യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വാഗ്ദത്ത മസീഹിന്റെ ദേഹവിയോഗത്തിനുശേഷം നമുക്ക് ലഭിച്ച ഖിലാഫത്തിനെ അല്ലാഹു അനുഗ്രഹങ്ങൾ നല്കി നീണ്ടകാലം ഭൂമിയിൽ നിലനിർത്തുന്നതാണ്. അഹ്മദിയ്യാ ഖിലാഫത്തിന്റെ ശതവാർഷിക ആഘോഷങ്ങൾ ആരംഭിക്കാൻ പോകുന്ന ഈ അവസരത്തിൽ ഖലീഫത്തുൽ മസീഹ് നമ്മെ ഉപദേശിച്ചതനുസരിച്ച് ജീവിക്കാൻ ശ്രമിക്കേണ്ടതും പ്രാർത്ഥിക്കേണ്ടതുമാണെന്ന് ജംഷാദ് സാഹിബ് തുടർന്നു പറഞ്ഞു. യോഗത്തിൽ കണ്ണൂർ ടൗൺ ജമാഅത്ത് പ്രിസഡണ്ട് സി. അബ്ദുസ്സലാം സാഹിബ് ആധ്യക്ഷം വഹിച്ചു.

'മശ്അലെരാഹ്' - ഖുദ്ദാമുൽ അഹ്മദിയ്യായെ അഭിസംബോധന ചെയ്ത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ചെയ്ത പ്രഭാഷണങ്ങളുടെ സമാഹാരം- ഓരോ മജ്‌ലിസിലും ഇതിന്റെ കോപ്പി സൂക്ഷിക്കണമെന്ന് ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അഞ്ചാമൻ തിരുമനസ്സ് ഈയടുത്തകാലത്ത് നിഷ്കർഷിച്ചിരുന്നു. ഈ ഗ്രന്ഥത്തിൽനിന്നുമുള്ള ഭാഗങ്ങൾ സഹോദരങ്ങളുടെ പ്രയോജനത്തിനായി അല്പാല്പമായി ഞങ്ങൾ പ്രസിദ്ധീകരിക്കുകയാണ്

# ഈമാനികാഭിമാനംഉണ്ടാക്കിയെടുക്കുക

ഒക്ടോബർ, 19, 1956- വാർഷിക ഇജ്തിമാ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ റബ്‌വ)

സൂറ ഫാത്തിഹായ്ക്കു ശേഷം ഹുസൂർ(റ) ആലു ഇംറാൻ ആയത്ത് 119 പാരായണം ചെയ്തു. തുടർന്ന് അരുൾചെയ്യുന്നു. "ഞാനിപ്പോൾ ഓതിയ വചനത്തിൽ നാം കടന്നുപോയ്ക്കൊണ്ടിരിക്കുന്ന കാലത്തെക്കുറിച്ചുള്ള അധ്യാപനമാണ് നൽകിയിരിക്കുന്നത്. നമ്മുടെ ജമാഅത്ത് എല്ലായ്പ്പോഴും ഇത് ശ്രദ്ധയിൽ വെക്കേണ്ടതാണ്. എല്ലാ ജമാഅത്തുകളും ഈ ഫിത്നയെ (ഖിലാഫത്തിനെതിരിലുണ്ടായ ഫിത്ന) മുൻനിറുത്തി തന്താങ്ങളുടെ കൂറിന്റെ പ്രതിജ്ഞ അയച്ചിരിക്കുന്നു. എന്നിരുന്നാലും വിശുദ്ധഖുർആൻ ഈ ആയത്തിൽ കൂറിന്റെ പ്രതിജ്ഞക്ക് പുറമെ മറ്റുചില കാര്യങ്ങളും പറയുന്നു. അഥവാ കൂറിന്റെ യഥാർത്ഥ നിർവചനം മനസ്സിലാക്കിത്തരുന്നു.

അല്ലാഹു പറയുന്നു: ഞാൻ കൂറുള്ളവനാണെന്ന് പറയുന്നതുകൊണ്ട് മാത്രം ആയില്ല. ചെയ്യുക എന്നതുപോലെതന്നെ ചെയ്യേണ്ടതല്ലാത്തതുമായ ചില സംഗതികളുമുണ്ട്. അതെന്താണ്? പറഞ്ഞു. "ഏ, സത്യവിശ്വാസികളെ, നിങ്ങൾ ആത്മാർത്ഥതയുള്ളവരാണ്, നിസാമിനോട് കൂറുള്ളവരാണ് എന്നതാണ് നിങ്ങളുടെ വാദമെങ്കിൽ ആത്മാർത്ഥത പ്രകടിപ്പിക്കുന്നതോടൊപ്പം തന്നെ ഒരു കാര്യത്തിൽനിന്നകന്ന് നിൽക്കേണ്ടതുമാണ്. ഇത് രണ്ടും ഒരുമിക്കാത്തിടത്തോളം നിങ്ങൾ മുഅ്മിൻ ആകുകയില്ല. ചെയ്യേണ്ടതെന്താണ്? നിങ്ങൾ ആത്മാർത്ഥയുള്ളവരായി നിലനിൽക്കുക. അതിന്റെ അടയാളം പൂർത്തിയാക്കുന്നത് ഒരു കാര്യത്തിൽനിന്നും നിങ്ങൾ വിട്ടുനിൽക്കുമ്പോഴാണ്. അതെന്താണ്? നമ്മുടേതായിട്ടുള്ള ചിന്താഗതികൾ വെച്ചുപുലർത്താത്ത, നമ്മിൽ നിന്നുമകന്ന് നിൽക്കുന്ന ആളുകളുമായുള്ള രഹസ്യബന്ധവും സൗഹൃദവും ഉപേക്ഷിക്കേണ്ടതുണ്ട്. നമ്മുടെ ഈ നിർദ്ദേശം നിങ്ങൾ പാലിക്കുന്നില്ലെങ്കിൽ അവർ



നിങ്ങളുടെയിടയിൽ ഫിത്നയും ഫസാദുമുണ്ടാക്കുന്നതിൽ യാതൊരു കുറവും വരുത്തുകയില്ല. തന്നിമിത്തം നിങ്ങളുടെ കൂറിന്റെ വാദം നിരർത്ഥകമായിത്തീരും. ദൃഢനിശ്ചയം മണ്ണോട് ചേരും. ആയതിനാൽ നിങ്ങളുടെയിടയിൽ കുഴപ്പമുണ്ടാക്കുന്നവരുമായി യാതൊരു ബന്ധവും പുലർത്താതിരിക്കുക.

എന്റെ ബന്ധുവാണെന്ന് പറയപ്പെടുന്ന ഒരാൾ ഇവിടെവന്നു. ഒരു മുനാഫിഖുമായി കൂടിക്കാഴ്ചക്കുപോയി. മുതിർന്ന ഒരു ഓഫീസർ ഇതുസംബന്ധമായി ശ്രദ്ധതിരിച്ചപ്പോൾ അയാളെ കാണുന്നതിൽനിന്ന് സദ്ർ അഞ്ചുമൻ അഹ്മദിയ്യാ എപ്പോഴാണ് വിലക്കിയത് എന്നയാൾ തിരിച്ചുചോദിച്ചു. ആ ഓഫീസർ ചോദിച്ചു. 'പണ്ഡിറ്റ് ലേഖ്റാമിന്റെ സലാമിന് മറുപടി പറയരുതെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ആരാണ് നിർദ്ദേശം നൽകിയിരുന്നത്. അയാളിൽ മുനാഫിഖത്ത് വേരുപിടിച്ചിരുന്നതിനാൽ 'ഞാൻ കാണാൻ പോയ വ്യക്തി ലേഖ്റാമിന്റെ സ്ഥാനത്താണെന്നാരാണ് തീരുമാനിച്ചതെന്നാണയാൾ തിരിച്ചുചോദിച്ചത്. യഥാർത്ഥത്തിൽ വിശുദ്ധഖുർആൻ 'ലാ തത്തഖിദൂ ബിത്വാനത്തൻ മിൻദൂനിക്കും' എന്നാണ് പറഞ്ഞത്. 'മിൻലേഖ്റാമ വ. മിസ്‌ലുഹു' എന്നല്ല. പറഞ്ഞു. ഏതൊരു വ്യക്തി തന്റെ പ്രവൃത്തികൊണ്ട് നമ്മോടൊപ്പമല്ല എന്ന് സ്ഥാപിച്ചിരിക്കുന്നുവെങ്കിൽ അത്തരക്കാർ ലേഖ്റാമിന്റെ സ്ഥാനത്തെത്തിയോ ഇല്ലേ എന്ന് പരിശോധിക്കാനല്ല മറിച്ച് അത്തരക്കാരുമായി നിങ്ങൾ ബിത്ത്വാന സൗഹൃദവും രഹസ്യബാന്ധവവും ഉണ്ടാക്കരുതെന്നാണ്. എനിക്ക് അയാളുമായി സൗഹൃദമൊന്നുമില്ല എന്നാണയാൾ പറയുന്നതെങ്കിൽ 'ബിത്ത്വാന' എന്നതിന്റെ അർത്ഥം രഹസ്യ കൂടിക്കാഴ്ച എന്നുമാണ്. അയാൾ ആ മുനാഫിഖുമായി രഹസ്യകൂടിക്കാഴ്ചയാണ് നടത്തിയത്. അയാളുടെ വാദഗതിയുടെ അടിസ്ഥാനത്തിൽ അയാൾക്ക് ആ മുനാഫിഖുമായി സൗഹൃദമുണ്ടെങ്കിലും ഇല്ലെങ്കിലും അയാൾ കൂടിക്കാഴ്ച നടത്തി എന്നുള്ളത് വസ്തുതയാണ്. കാര്യം വ്യക്തമാക്കി കൊടുത്തപ്പോഴാകട്ടെ തർക്കത്തിന് മുതിരുന്നു. ഈ ആയത്ത് പ്രതിപാദിക്കുന്നത് ലേഖ്റാമിനേയോ അതുപോലുള്ള വ്യക്തികളെയോ കുറിച്ച് മാത്രമല്ല, മറിച്ച് ഏതൊരാളാണ് നിങ്ങളിൽ ഭിന്നിപ്പുണ്ടാക്കാൻ ശ്രമിക്കുന്നത് അത്തരക്കാരുമായി നിങ്ങൾ യാതൊരു ബന്ധവും പുലർത്തരുതെന്നുമാണ്.

ഏതൊരു വ്യക്തിയുമായാണ് അയാൾ കൂടിക്കാഴ്ച നടത്തിയത് അയാൾ ജമാഅത്തിൽ യാതൊരു കുഴപ്പവും ഛിദ്രതയും ഉണ്ടാക്കാത്ത ആളാണ് എന്നയാൾ സ്ഥാപിക്കണമായിരുന്നു. അതല്ലാതെ അയാൾ ലേഖ്റാമിന്റെ സ്ഥാനത്തെത്തിയോ ഇല്ലേ എന്ന് തർക്കിക്കലല്ല. ഇത് പ്രകടമാക്കുന്നത് അയാൾക്ക് സ്വയം അഹ്മദിയ്യത്തിൽ അതേ വിശ്വാസമില്ല എന്നാണ്. ചുരുക്കത്തിൽ അല്ലാഹു വിശുദ്ധഖുർആനിൽ കൂറിന്റെ അടയാളം മനസ്സിലാക്കിത്തരുവാനായി പറഞ്ഞിരിക്കുന്ന ഈ അടയാളം തിരിച്ചറിഞ്ഞ് നിങ്ങൾ പ്രവർത്തിക്കുന്നില്ലായെങ്കിൽ നിങ്ങളുടെ ഈ പ്രതിജ്ഞക്ക് യാതൊരു വിലയുമില്ല. ഖിലാഫത്തിനോടുള്ള പ്രതിബന്ധതയുടെ പ്രതിജ്ഞ അയച്ചിട്ടുള്ള ജമാഅത്തുകളിൽ നിന്നുമാണ് നിങ്ങൾ ഇവിടെ എത്തിച്ചേർന്നിരിക്കുന്നത്. എന്നിട്ടും നിങ്ങൾ ഏതെങ്കിലും മുനാഫിഖുമായി ബന്ധം പുലർത്തുന്നു, രഹസ്യമായി കൂടിക്കാണുന്നുവെങ്കിൽ നിങ്ങളും ഈ 'ബിത്ത്വാന'യുടെ കീഴിൽ വരുന്നതാണ്. അയാളും അയാളുടെ പാർട്ടിക്കാരും ജമാഅത്തിൽ ഫിത്ത്നകൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. ഇത്തരക്കാരുമായി നിങ്ങൾ ബന്ധം പുലർത്തുന്നുവെങ്കിൽ നിങ്ങളുടെ വാദത്തിന് കഴുതയുടെ വിസർജ്യത്തിന്റെ വിലപോലുമുണ്ടായിരിക്കുകയില്ല. ഈ വിസർജ്യം വളത്തിനെങ്കിലുമുപകരിക്കും. നിങ്ങളുടെ വാദത്തിന് അല്ലാഹുവിന്റെ ദൃഷ്ടിയിൽ അത്രപോലും സ്ഥാനമുണ്ടായിരിക്കുകയില്ല.

*അനുസ്മരണം*

## ഫൗസ്ജമാൽ സാഹിബ്



**എറണാകുളം:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ മുൻ സംസ്ഥാന ജനറൽ സിക്രട്ടറിയും കാക്കനാട് ജമാഅത്ത് അംഗവുമായിരുന്ന ജനാബ് ഫൗസ്ജമാൽ സാഹിബ്(31) നവംബർ 21-ാം തിയതി നിര്യാതനായി (ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ). കേരള ഹൈക്കോടതി ഉദ്യോഗസ്ഥനായിരുന്ന ഫൗസ്ജമാൽ കുറച്ചുനാളുകളായി രോഗബാധിതനായിരുന്നു. കൊല്ലം ജില്ലയിലെ മാത്ര സ്വദേശിയായ ഇദ്ദേഹത്തിന്റെ വിദ്യാഭ്യാസം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലും കേരളാ യൂണിവേഴ്സിറ്റി കാര്യവട്ടം കാമ്പസിലുമായിരുന്നു. ഗണിതശാസ്ത്രത്തിൽ ബിരുദവും, കമ്പ്യൂട്ടർ സയൻസിൽ ബിരുദാനന്തര ബിരുദവും നേടിയ ഫൗസ് സാഹിബ് സത്യദൂതനിലെഴുതിയ ലേഖനങ്ങളിലൂടെ സജീവശ്രദ്ധ നേടിയിരുന്നു.

ചെറുപ്പം മുതല്ക്കേ ജമാഅത്തിന്റെ വിവിധ പ്രവർത്തനങ്ങളിൽ സജീവമായിരുന്ന ഫൗസ്ജമാൽ, മാത്ര മജ്‌ലിസിലെ ആദ്യ അത്ഫാൽ സിക്രട്ടറിയായിരുന്നു. പിന്നീട് തിരുവനന്തപുരം ഖാഇദ്, ജമാഅത്ത് ജനറൽ സിക്രട്ടറി തുടങ്ങിയ സ്ഥാനങ്ങൾ വഹിച്ചു. തുടർന്ന് ഖുദ്ദാമുൽ അഹ്മദിയ്യാ സംസ്ഥാന സിക്രട്ടറിയായി സേവനം അനുഷ്ഠിച്ചു. വൈജ്ഞാനിക മത്സരങ്ങളിൽ പ്രത്യേക അഭിരുചി പുലർത്തിയ ഇദ്ദേഹം സംസ്ഥാന ഇജ്തി മായിൽ വ്യക്തിഗത ചാമ്പ്യൻ പട്ടം കരസ്ഥമാക്കിയിട്ടുണ്ട്. നമ്മുടെ കണ്ണുകളുടെ കുളിർമ്മ എന്ന പേരിൽ ഇസ്‌ലാമിക കുടുംബജീവിതത്തെപറ്റി എഴുതിയ ലേഖനം ഫൗസ് സാഹിബിന്റെ വൈജ്ഞാനിക പ്രതിഭ കാണിക്കുന്നതായിരുന്നു. ഇ.ജമാലുദ്ദീൻ സാഹിബിന്റേയും ശരീഫബീവി സാഹിബയുടെയും മകനായ ഫൗസിന്റെ ഭാര്യ സഫീന റഹിം സാഹിബയാണ്. യഹ്യ ഏകമകനാണ്. ഫസിൽ (ഗവേഷണ വിദ്യാർത്ഥി, അമേരിക്ക), ഫൗസിയ ജമാൽ (അന്നൂർ മുൻ എഡിറ്റർ) എന്നിവർ സഹോദരങ്ങളാണ്. ജമാഅത്തിനോട് അചഞ്ചലമായ വിശ്വാസ ദാർഢ്യവും, ആത്മാർത്ഥതയും കാണിച്ച ഫൗസ് സാഹിബിന് അല്ലാഹു മഗ്ഫിറത്തും ജന്നത്തും നല്കി അനുഗ്രഹിക്കുമാറാകട്ടെ.

## അഹ്മദിയ്യാ ഖിലാഫത്ത്

*അബൂ ശഹീദഹ്മദ്, പഴയങ്ങാടി*

അഹ്മദിയ്യാ ഖിലാഫത്തിൻ മഹിമകൾ ദൃശ്യം
ഖുലഫാഉർറാശിദീങ്ങൾ കർമ്മ സദൃശ്യം
ആത്മീയനേതാവിൻ കീഴിൽ മുഴുവൻലോകം
അനുസരണം ഏകസ്വരം അനുചരവൃന്ദം!

മൗലവി ഹക്കീം നൂറുദ്ദീൻ അവ്വൽസ്ഥാനം
ബശീറുദ്ദീൻ മഹ്മൂദഹ്മദ് സാനീ നേതൃത്വം
നാസിറഹ്മദ് അണിഞ്ഞവർ സാലിൻ വേഷം
ത്വാഹിറഹ്മദ് അനുയോജ്യൻ റാബിയിൻ സ്വരം!

മസ്റൂറഹ്മദ് ഖാമിസവർ സൽസാന്നിധ്യം
ഖിലാഫത്തിൻ ശതവർഷം ജൂബിലിസമയം
അഹ്മദികൾ ജാഗരൂഢ ഹൃദയാവേശം
അഹ്മദിയ്യാ ജമാഅത്തിൻ വിജയരഹസ്യം!

നമസ്കാര ദുആകളിൽ വ്രതസൽകർമ്മം.
ഇമാറത്തിൻ കല്പനകൾ സർവസമ്മതം
അഹ്മദിയ്യാ ജമാഅത്തിന്റെ പതാകവർണ്ണം
ഉന്നതിയിൽ വിളങ്ങണം അതിനുദ്ദേശ്യം!

മസ്ജിദുകൾ മകാനുകൾ പ്രാർത്ഥനാനിരതം
വസ്തുവകയേകീ പരിപാവന രൂപം
അഹ്മദിയ്യാ ജമാഅത്തിൻ വർത്തനരംഗം
മാനവരിൽ ഉയരുമനുഭാവ വികാരം!

എത്ര ഭരണകൂടങ്ങൾ നിഗൂഢതന്ത്രം
സത്യസന്ധ ഖിലാഫത്തിന്നെതിരിൽ മന്ത്രം
അറേബ്യതൻ പിൻബലത്തിൽ പന്തിവിരോധം
പരാജയം ശത്രുക്കളിൽ വൻനൈരാശ്യം!

ഫൈസൽ ഭൂട്ടോ ഇദ്ദീഅമീൻ രാജസമൂഹം
പിന്നെ സിയാഉൽഹഖായ് ഫിർഔൻ രൂപം
അർശിൽനിന്നും വന്നവർ മലക്കുകൾ സൈന്യം
ശിക്ഷകൾ വിധിച്ചവരിൽ സർവവിനാശം!

പുണ്യമായ ഖാദിയാനിൻ ശേഷമീ ലോകം
കണ്മുമ്പിൽ റബ്‌വശഹ്ർ ശിരസാസ്ഥാനം
പിന്നെയതാ യു.കെ. തലസ്ഥാനം നഗരം
പാവനമാം ഇസ്‌ലാമാബാദെന്ന പ്രദേശം!

ആയിരോപി ആയിരങ്ങൾ സ്തുതികൾ ഗീതം
അലയൊലിയായ് ഉയരുന്നൂ സിക്ക്റിൻനാദം
എല്ലാമെല്ലാം അല്ലാഹുവിൻ കൃപാകടാക്ഷം
എന്നുമെന്നും ഈയുള്ളവർ ശുക്റിൽനിരതം!

ഖുദ്റത്തെ അവ്വലിന്റേതാം ദിവ്യസന്ദേശം
മഹ്ദി ഇമാം തങ്ങളുടെ ജീവിതസമയം
മഹനീയമാം മാതൃകകൾ ലോകസമക്ഷം
മഹാനവർ സത്യശിഷ്യഗണം സമേതം!

ശുഹദാക്കൾ വെള്ളിനക്ഷത്രങ്ങൾ സമൂഹം
ചുടുനിണങ്ങളേകി വളർത്തിയതാം വൃക്ഷം
അഹ്മദിയ്യത്തെന്നതായ സൽപ്രസ്ഥാനം
ദിനംദിനം മധുരക്കനി കായ്കൾ സമൃദ്ധം!

ഖുദ്റത്തെ സാനിയുടെ നന്മസാഫല്യം
ഖിദ്മത്തുകൾ നിരതരായ സേവകവൃന്ദം
ഖിലാഫത്തിൻ കീഴിലനുസരണ സമൂഹം
ജീവൻത്യാഗം അതുപോലും അവരുടെ ലക്ഷ്യം!

എം.ടി.എ നൽകുന്നതായ മുഅ്ജിസദൃശ്യം
ഖലീഫതൻ ശബ്ദങ്ങൾ കോണുകൾ സർവം
ഒരേനേരം ശ്രവിച്ചവർ ആബാലവൃദ്ധം
പ്രവർത്തനപഥങ്ങളിൽ തൽക്ഷണനേരം

പരിശുദ്ധഖുർആനിൽ ജ്ഞാനപരിമളം
വാനിലൂടെ വീശിവീശി ഭൂവാസകലം
പാവനമാം ദീനിസ്‌ലാം സുന്ദരരൂപം
അഹ്മദിയ്യാ ദർപ്പണത്തിൽ നിത്യദർശനം!

ലായിലാഹഇല്ലല്ലാഹ് ഖൽബിലാരവം
മുഹമ്മദുർറസൂലുല്ലാഹി ഹൃത്തിലാദരം.

(2-ാം പേജിൽനിന്ന്)

ളേയും തയ്യാറാക്കുന്നതിനുവേണ്ടി മൗലവി നാസിർ അഹ്മദ് സാഹിബ്, കലീം സാഹിബ് (കരുനാഗപ്പള്ളി) എന്നിവർ ക്ലാസ്സെടുത്തു. വാഗ്ദത്ത മസീഹ്(അ) രചിച്ച 'തജല്ലിയാത്തെ ഇലാഹിയ്യാ' എന്ന ഗ്രന്ഥത്തിന്റെ പ്രകാശനവും കേമ്പിൽവച്ച് നടത്തി. മൗലവി നജീബ്ഖാൻ സാഹിബാണ് ഇതിന്റെ പരിഭാഷ നിർവ്വഹിച്ചിട്ടുള്ളത്. ഭൂകമ്പങ്ങളെക്കുറിച്ചുള്ള പ്രവചനങ്ങളടങ്ങിയ ഈ ഗ്രന്ഥം ഓരോ അഹ്മദിയും വായിച്ചിരിക്കേണ്ടതാണെന്ന് പരിഭാഷകൻ പറഞ്ഞു.

ഉച്ചയ്ക്കുശേഷം നടന്ന ഖാഇദുമാരുടെ യോഗത്തിൽ നാഇബ് സദ്ർ സാഹിബ് അധ്യക്ഷത വഹിച്ചു. സൗത്ത് കേരള മുൻ ഇലാഖാ ഖാഇദുമാരായ ബി.ബി. അഹ്മദ് കബീർ സാഹിബ്, ടി.കെ. അബൂബക്കർ സാഹിബ്, ഇലാഖാ ഖാഇദ് നജിബ് സാഹിബ് എന്നിവർ ഖാഇദുമാർക്ക് പ്രവർത്തനങ്ങൾ ഊർജ്ജസ്വലമാക്കാൻ വേണ്ട നിർദ്ദേശങ്ങൾ നല്കി.

## ഖുർആൻ

"നിങ്ങളിൽനിന്ന് വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോട്, അവരെ അവർക്ക് മുമ്പുണ്ടായിരുന്നവരെ ഖലീഫമാരാക്കിയതുപോലെ തീർച്ചയായും ഭൂമിയിൽ ഖലീഫമാരാക്കുകയും, അവർക്കായിട്ട് താൻ തൃപ്തിപ്പെട്ട മതത്തെ അവർക്ക് ബലപ്പെടുത്തിക്കൊടുക്കുകയും അവരുടെ ഭയത്തിനുശേഷം അവരെ സമാധാനത്തിലാക്കുകയും ചെയ്യുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു" (24:56).

## നബിവചനം

"ഹദ്റത്ത് ഹുദൈഫ(റ)യിൽനിന്ന് നിവേദനം. (മുസ്‌ലിം ജീർണ്ണതയുടെ കാലത്തെ മതനേതാക്കൾ) നമ്മിൽപ്പെട്ട നമ്മുടെ ഭാഷ സംസാരിക്കുന്ന ഒരുകൂട്ടം ആളുകളായിരിക്കും അവർ. ഞാൻ അതിന് സാക്ഷിയായാൽ അങ്ങ് എന്നോട് എന്താണ് കല്പിക്കുന്നത്? അവിടുന്ന് പറഞ്ഞു: നീ ഇസ്‌ലാമിക ജമാഅത്തിനേയും അവരുടെ ഇമാമിനേയും പിൻപറ്റുക. ജമാഅത്തും ഇമാമുമില്ലെങ്കിൽ എല്ലാ കക്ഷികളേയും വെടിഞ്ഞ് ഏതെങ്കിലും മരപ്പൊത്തിൽ ശിഷ്ടജീവിതം കഴിച്ചുകൊള്ളുക." (മുസ്‌ലിം അന്ന----)

## യുഗശബ്ദം



തങ്ങൾ നമസ്കരിക്കുന്നുവെന്നും ഇതുചെയ്യുന്നു അതുചെയ്യുന്നു എന്നെല്ലാം പറയുന്നത് വായകൊണ്ടുള്ള ഒരു പറച്ചിൽ മാത്രമാകുന്നു. ഇസ്‌ലാമിന്റെ കാതലും അടിവേരുമായിട്ടുള്ള ഒരവസ്ഥ മനുഷ്യന്റെ ഉള്ളിൽ ഉണ്ടാക്കിത്തീർക്കുകയാണ് ആവശ്യമായിരിക്കുന്നത്. അബൂബക്കർ, ഉമർ, ഉസ്മാൻ, അലി (രിസ്‌വാനുല്ലാഹുഅലൈഹിം) തുടങ്ങിയവരുടെ നിറം സ്വീകരിക്കുന്നതുവരെ ആരുംതന്നെ മുഅ്മിനോ, മുസ്‌ലിമോ ആവുകയില്ലെന്നും എനിക്ക് നല്ലപോലെ അറിയാം. അവർ ദുൻയാവിനെ പ്രേമിച്ചിരുന്നില്ല. മറിച്ച്, അവർ തങ്ങളുടെ ജീവിതങ്ങൾ ദൈവമാർഗ്ഗത്തിൽ അർപ്പിച്ചിരിക്കുകയായിരുന്നു. ഇന്നാകട്ടെ, എല്ലാ ദുൻയാവിനുവേണ്ടിയാകുന്നു. ദൈവത്തിനുവേണ്ടി ഒന്നും ബാക്കിയാക്കാത്തവിധം അവർ ദുൻയാവിൽ മുങ്ങിത്തുടിക്കുകയാണ്. കച്ചവടം ചെയ്യുന്നതും കെട്ടിടം നിർമ്മിക്കുന്നതും ദുൻയാവിനുവേണ്ടി. നമസ്കാരവും നോമ്പും അനുഷ്ഠിക്കുന്നുവെങ്കിൽ അതും ദുൻയാവിനുവേണ്ടിയാകുന്നു. ലൗകികന്മാരുടെ സാമീപ്യം നേടാനായി എന്തും ചെയ്യാനും തയ്യാർ. എന്നാൽ, ദീനിനുവേണ്ടി ഒരു കണികപോലുമില്ല. ഇസ്‌ലാമിനെക്കുറിച്ച് അറിയുന്നതിന്റേയും അതിനെ ആശ്ലേഷിക്കുന്നതിന്റേയും ലക്ഷ്യം ഇതായിരുന്നോ? അതോ മറ്റേതെങ്കിലും ഉദാത്തലക്ഷ്യമുണ്ടോ? സത്യവിശ്വാസി പരിശുദ്ധനാക്കപ്പെടുന്നു.

അവൻ മാലാഖമാരുടെ നിറം പിടിക്കുന്നുവെന്നും എനിക്കറിയാം. അല്ലാഹുവുമായുള്ള അടുപ്പം എത്രകണ്ട് വർദ്ധിച്ചുകൊണ്ടിരിക്കുമോ അത്രകണ്ട് അവൻ ദൈവത്തിന്റെ ഭാഷണം കേട്ടുകൊണ്ടിരിക്കുകയും അതുമുഖേന സംതൃപ്തി കണ്ടെത്തുകയും ചെയ്യുന്നു. ഇപ്പോൾ നിങ്ങളിൽ ഓരോരുത്തരും ആലോചിച്ചുനോക്കട്ടെ, ഈ പദവി അവർ നേടിക്കഴിഞ്ഞിട്ടുണ്ടോ എന്നും ഞാൻ സത്യമായും സത്യമായും നിങ്ങളോട് പറയുന്നു, നിങ്ങൾ മടലും പുറന്തോടും കൊണ്ട് തൃപ്തിപ്പെടുന്നു. എന്നാൽ, അത് നിസ്സാരമത്രെ. ദൈവത്തിന് ഉൾക്കാമ്പാണ് വേണ്ടത്. ആകയാൽ ഇസ്‌ലാമിന്റെ നേരെയുള്ള ബാഹ്യമായ ആക്രമണങ്ങളെ തടുക്കുന്നതുപോലെ തന്നെ മുസ്‌ലിംകളിൽ ഇസ്‌ലാമിന്റെ സത്യവും ആത്മാവും ഉണ്ടാക്കിയെടുക്കുക എന്നതും എന്റെ ജോലിയാകുന്നു. മുസൽമാന്മാരുടെ ഹൃദയങ്ങളിൽ ദൈവത്തിനു പകരം പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ദുൻയാവിന്റെ വിഗ്രഹത്തെ തുണ്ടം തുണ്ടമാക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ആ ബിംബത്തിനാണ് അവർ മഹത്വം കൽപിക്കുന്നത്. അതിൽ അവർ വിശ്വാസവും ആശ്രയവും കൊള്ളുന്നു. വ്യവഹാരങ്ങളായാലും കരാറുകളായാലും എല്ലാം ദുൻയാവിനുവേണ്ടി. ആ ബിംബത്തെ തച്ചുടച്ചേതീരൂ.

അല്ലാഹുവിന്റെ മഹത്വും അവന്റെ ആധിപത്യവും അവരുടെ ഹൃദയങ്ങളിൽ പ്രതിഷ്ഠിക്കപ്പെടുകയും സത്യവിശ്വാസത്തിന്റെ വൃക്ഷം നവംനവങ്ങളായ ഫലങ്ങളെ പുറപ്പെടുവിക്കുകയും ചെയ്യുമാറാകണം. ഇപ്പോൾ മരത്തിന്റെ ബാഹ്യരൂപമേയുള്ളൂ. അസ്സൽവൃക്ഷത്തെ കാണാനില്ല. അസ്സൽവൃക്ഷത്തെ പറ്റി പറയപ്പെട്ടത് ഇപ്രകാരമാണ്.

"അല്ലാഹു ഒരു ഉപമ എങ്ങനെ വിവരിച്ചിരിക്കുന്നുവെന്നു കണ്ടില്ലേ. അതായത് ഒരു പരിശുദ്ധവചനത്തെ ഒരു നല്ല വൃക്ഷത്തോട് (ഉപമിച്ചിരിക്കുന്നത്)? അതിന്റെ അടിവേര് ഉറച്ചുനിൽക്കുന്നതും അതിന്റെ ശാഖകൾ ആകാശത്തിൽ ഉയർന്നുനിൽക്കുന്നതുമാണ്. അതിന്റെ നാഥന്റെ കല്പന പ്രകാരം അത് അതിന്റെ പുതുഫലങ്ങൾ സദാ നൽകിക്കൊണ്ടിരിക്കുന്നു. മനുഷ്യർ ചിന്തിച്ചു ഗ്രഹിക്കുന്നതിന്നായി അല്ലാഹു ഉപമകൾ വിവരിക്കുന്നു (14:25,26).

"അവയുടെ വേരുകൾ ഉറച്ചുനിൽക്കുന്നു" എന്ന് പറഞ്ഞിട്ടുള്ളതിന്റെ അർത്ഥം സത്യവിശ്വാസപരമായ അടിസ്ഥാനതത്വങ്ങൾ സുസ്ഥാപിതവും സുചിന്തിതവുമാണെന്നത്രെ. പരിപൂർണ്ണമായ വിശ്വാസത്തിന്റെ പദവി നേടിയ ആ വൃക്ഷം എല്ലാ കാലത്തും ഫലം നൽകിക്കൊണ്ടിരിക്കുന്നു. ഒരിക്കലും അത് ശുഷ്കിച്ചുപോവുകയില്ല. (ലക്ചർ ലുധിയാന).

## അഹ്മദിയ്യാ വിരുദ്ധ നിയമ പ്രകാരം വീണ്ടും കേസ്

**പാക്കിസ്ഥാൻ:** മല്ലാക്ക് വാലിനടുത്തുള്ള ചാക്ക്തും 20 ഗ്രാമത്തിൽ മതനിന്ദാ നിയമപ്രകാരം അഹ്മദികൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്തു. അഹ്മദികൾ തിങ്ങിപ്പാർക്കുന്ന പ്രദേശത്ത് പ്രാദേശിക മുല്ലയുടെ അമിതമായ ഉച്ചഭാഷിണി ഉപയോഗത്തിനെതിരെ അഹ്മദികൾ പോലീസിൽ പരാതി നൽകിയിരുന്നു. ഇതിനെതിരെ മുല്ലയുടെ നേതൃത്വത്തിൽ അഹ്മദിയ്യാ പള്ളിയുടെ വാതിലിൽ 'മസ്ജിദ്' എന്നെഴുതിയതിനാൽ ക്രിമിനൽ കേസെടുക്കണമെന്നാവശ്യപ്പെട്ട് ജില്ലാ പോലീസ് കമ്മീഷണർക്ക് പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രാദേശിക ജമാഅത്ത് പ്രസിഡന്റ് റഫീഖ് അഹ്മദ്, ഖുശി അഹ്മദ്, അല്ലാദീത്ത എന്നിവർക്കെതിരെ കേസെടുത്തു. പ്രദേശത്ത് അഹ്മദികൾക്ക് മാത്രമല്ല മറ്റുള്ളവർക്കും മുല്ലയുടെ ഉച്ചഭാഷിണി പ്രയോഗം സഹികെട്ടിരിക്കുകയായിരുന്നു. അനഹ്മദി മുസ്‌ലിംകൾതന്നെ മുല്ലക്കെതിരെ കേസ് കൊടുക്കുമെന്ന ഘട്ടം വന്നപ്പോഴാണ് മുല്ല അഹ്മദിവിരുദ്ധ നീക്കം ശക്തിപ്പെടുത്തിയത്.

## പാക്കിസ്ഥാനിൽ മസ്ജിദ് നിർമ്മാണത്തിന് വിലക്ക്

ഖിലാകള്ളർവാലയിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് നിർമ്മിച്ചുകൊണ്ടിരിക്കുന്ന 'ബയ്ത്തുദിക്ർ' മസ്ജിദ് ഇനിയൊരു ഉത്തരവുണ്ടാകുന്നതുവരെ നിർമ്മാണപ്രവർത്തനം തുടരുന്നത് പസ്റൂർ ഡി.എസ്.പി നിരോധിച്ചു. ജമാഅത്തിനെ എതിർക്കുന്ന എല്ലാ വിഭാഗം മുസ്‌ലിംകളും മസ്ജിദ് നിർമ്മാണത്തിന്നെതിരെ പ്രക്ഷോഭത്തിലാണ്. ഇതിന്റെ സമീപപ്രദേശമായ ചൗക്ദാദ സെയ്ദ്ക്കയിൽ അഹ്മദികൾക്ക് പള്ളിയുള്ളതുകൊണ്ടാണ് പുതിയ മസ്ജിദിനെ എതിർക്കുന്നതെന്ന് തീവ്രവാദി മുല്ല ഖാസി അഫ്സൽ പ്രസ്താവിച്ചു.

1984-ൽ അഹ്മദിയ്യാ വിരുദ്ധ ഓർഡിനൻസ് നടപ്പിലാക്കിയതിനുശേഷം അഹ്മദികളുടെ 20 പള്ളികൾ പൊളിക്കുകയും 11 എണ്ണം തീവെച്ച് നശിപ്പിക്കുകയും 14 എണ്ണം ബലം പ്രയോഗിച്ച് പിടിച്ചെടുക്കുകയും 25 എണ്ണം അധികാരികൾ പൂട്ടി സീൽ വെക്കുകയും 36 എണ്ണത്തിന്റെ നിർമ്മാണപ്രവൃത്തികൾ തടയുകയും ചെയ്തിട്ടുണ്ട്.

## അഹ്മദി വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി ഹുസൂർ തിരുമനസ്സിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ

**(7.8.07-ന് ഖലീഫത്തുൽ മസീഹുമായി നാസിർ സാഹിബ് തഅ്ലിം ഭാരത് നടത്തിയ കൂടിക്കാഴ്ചയുടെ പ്രസക്തഭാഗം)**

1. വിദേശരാജ്യങ്ങളിൽ പി.എച്ച്.ഡിക്കായി സ്പോൺസർ ചെയ്യുവാനായി കഴിവും പ്രാഗത്ഭ്യവുമുള്ള കുട്ടികളെ കണ്ടെത്തുക. തനത് ശാസ്ത്രങ്ങൾ അതായത് ഫിസിക്സ്, ബയോളജി, കെമിസ്ട്രി എന്നിവയിൽ പ്രത്യേക താല്പര്യം ജനിപ്പിക്കുക.

2. വിദ്യാസമ്പന്നരായ അഹ്മദികളുടെ അസോസിയേഷൻ കേന്ദ്രതലത്തിലും സംസ്ഥാനതലത്തിലും രൂപീകരിക്കുക. ഈ കമ്മിറ്റി പത്താംതരത്തിനുശേഷവും പ്ലസ്ടുവിന് ശേഷവുമുള്ള കുട്ടികൾക്ക് ഏത് ഫീൽഡാണ് അനുയോജ്യമെന്ന കാര്യത്തിൽ ഗൈഡ് ചെയ്യുക. അതിനായി കൗൺസലിംഗും ത്രിദിന ശില്പശാലയും സംഘടിപ്പിക്കുക. പുറത്തുനിന്നുള്ള വിദഗ്ദ്ധരേയും ഇതിലേക്ക് ക്ഷണിച്ച് ക്ലാസ്സെടുപ്പിക്കുകയും ചോദ്യോത്തര സെക്ഷൻ സംഘടിപ്പിക്കുകയും ചെയ്യുക.

3. ബി.എസ്.സി, എം.എസ്.സി ചെയ്യുന്നവരെ പി.എച്ച്. ഡിക്കായി ഗൈഡ് ചെയ്യുക.

4. നിസാറത്ത് തഅ്ലിം താഴെ കാണുന്ന അസോസിയേഷൻ ഫോം ചെയ്യുക.

A. അഹ്മദിശാസ്ത്രജ്ഞരുടെ അസോസിയേഷൻ.

B. അഹ്മദി എഞ്ചിനിയർമാരുടെ അസോസിയേഷൻ.

C. ഇന്ത്യയിലേയും നേപ്പാളിലേയും ഭൂട്ടാനിലേയും കമ്പ്യൂട്ടർ ശാസ്ത്രജ്ഞന്മാരുടെ അസോസിയേഷൻ.

5. വിശുദ്ധഖുർആനിൽ ചിന്തിക്കുവാൻ നമ്മുടെ കുട്ടികളെ പ്രേരിപ്പിക്കുക. ഖുർആനിക വിഷയങ്ങളിൽ ഗവേഷണം ചെയ്യുന്നതിനായി ഖുർആനിക അറിവ് വർദ്ധിപ്പിക്കുക. അതുമുഖേന സയൻസിൽ നിന്നും പ്രയോജനമെടുക്കുവാൻ കഴിയുന്നതാണ്. ഡോ. അബ്ദുൽ സലാം സാഹിബിന് സയൻസ് പ്രയോജനപ്പെട്ടത് വിശുദ്ധ ഖുർആന്റെ അറിവ് മുഖേനയായിരുന്നു. ഖുർആനിക വിഷയങ്ങളിൽ കൂലങ്കഷമായി അദ്ദേഹം ചിന്തിച്ചിരുന്നു. അഹ്മദി വിദ്യാർത്ഥികളും ഈ രീതി അവലംബിക്കേണ്ടതാണ്. ഇക്കാര്യത്തിനായി ഹിന്ദുസ്ഥാനിലെ മുഴുവൻ സെക്രട്ടറി തഅ്ലിം, ലജ്നാ ഇമായില്ലാ ഖുദ്ദാമുൽ അഹ്മദിയ്യാ എന്നിവയെ ആക്ടീവാക്കുക.

6. ഹുസൂർ അയ്യദഹുല്ലാഹുതആലയുടെ വഖ്ഫെ നൗ ക്ലാസ്സുകൾ, നാലാം ഖലീഫയുടെ Revelation, Rationality, Knowledge and Truth (ഇതിപ്പോൾ ഉർദുവിലും ലഭ്യമാണ്) മുഖേന വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഖുർആനും സയൻസും തമ്മിലുള്ള പരസ്പരബന്ധം മനസ്സിലാകുന്നതാണ്. അതിനായി നസാറത്ത് തഅ്ലീം ഭാരതം മുഴുവനും ഈ രണ്ടിനേയും കൂടുതലായി പ്രമോട്ട് ചെയ്യുക.

7. വലിയ ജമാഅത്തുകളിലെ സെക്രട്ടറി തഅ്ലീം സാഹിബിന്റെ സഹായത്തോടെ നസാറത്ത് തഅ്ലീം അഹ്മദിയ്യാ സ്റ്റുഡൻസ് അസോസിയേഷൻ രൂപീകരിക്കുക. പെൺകുട്ടികളുടെ അസ്സോസിയേഷന്റെ മേൽനോട്ടം ലജ്നാ ഇമായില്ലാക്കായിരിക്കും. അസോസിയേഷന്റെ ഭാരവാഹികളെ തെരഞ്ഞെടുത്ത് നാസിർ തഅ്ലീമിൽനിന്നും അംഗീകാരം വാങ്ങുക.

8. ഈ അസോസിയേഷന്റെ ജോലി അനഹ്മദികൾക്കും അമുസ്‌ലിംകൾക്കും അഹ്മദിയ്യാ ജമാഅത്തിനെ മനസ്സിലാക്കുവാനായി കോളേജ്, യൂനിവേഴ്സിറ്റി തലങ്ങളിൽ സെമിനാറുകളും, സർവ്വമത സംവാദവും സംഘടിപ്പിക്കുക. അഹ്മദി വിദ്യാർത്ഥികളിൽ ഖുർആനിലും സയൻസിലും താല്പര്യം ജനിപ്പിക്കുക, ഗവേഷണ പ്രബന്ധങ്ങൾ എഴുതിപ്പിക്കുക, ചോദ്യോത്തര സദസ്സുകൾ സംഘടിപ്പിക്കുക, വിവിധ വിഷയങ്ങളിൽ അറിവ് ആർജ്ജിക്കുവാനായി ക്ലാസ്സുകൾ സംഘടിപ്പിക്കുക എന്നിവയാണ്.

9. ഈ അസോസിയേഷൻ/ കമ്മിറ്റികൾക്ക് നസാറത്ത് തഅ്ലീം മാർഗ്ഗനിർദ്ദേശം നൽകുകയും മേൽനോട്ടം വഹിക്കുകയും ചെയ്യുക. ലജ്നയും ഖുദ്ദാമും ഇതിനെ ചലനാത്മകമാക്കുക. സാധ്യമാകുമെങ്കിൽ കോളേജുകളിലും യൂനിവേഴ്സിറ്റികളിലും ഈ അസോസിയേഷനെ രജിസ്റ്റർ ചെയ്യുകയും ചെയ്യുക.

10. ഭാരതമൊട്ടാകെ ലജ്നാ, ഖുദ്ദാമുൽ അഹ്മദിയ്യാ നേതൃത്വത്തിൽ ഫ്രീ- ട്യൂഷൻ സെന്റർ ആരംഭിക്കുക. ഇതിൽ നമ്മുടെ കുട്ടികൾക്ക് സ്കൂൾ വിഷയങ്ങൾ പഠിപ്പിക്കുക. ഇതൊരു സേവനപ്രവർത്തിയായിരിക്കും. എന്തിരുന്നാലും ചില

(ശേഷം 8-ാംപേജിൽ)

## ലജ്ന ഇമായില്ലാ ഏകദിന ക്യാമ്പ്

**കണ്ണൂർ സിറ്റി:** കണ്ണൂർ സിറ്റി ലജ്നാ ഇമായില്ലായുടെ ആഭിമുഖ്യത്തിൽ 1.11.07-ന് ഏകദിന ക്യാമ്പ് സംഘടിപ്പിച്ചു. ജമാഅത്തംഗങ്ങളുടെ സൗഹാർദ്ദം ഊട്ടിയുറപ്പിക്കുന്നതിനും പ്രവർത്തനങ്ങൾക്ക് ഊർജ്ജസ്വലത പകരാനും സംഘടിപ്പിച്ച കേമ്പ് വൈസ് പ്രസിഡണ്ട് ഷക്കീലാ സാഹിബയുടെ അധ്യക്ഷതയിൽ മുൻപ്രസിഡണ്ട് പി. സൈബുന്നീസ്സ സാഹിബ ഉദ്ഘാടനം ചെയ്തു. ഫിൽബദീഹ്, നിമിഷപ്രസംഗം, തലവാചകം, നിമിഷ കവിത, ദുആ പറയൽ തുടങ്ങിയ ഇനത്തിൽ ആവേശകരമായ മത്സരങ്ങൾ സംഘടിപ്പിച്ചു.

പാചകക്ലാസ്സ്, നാസിറാത്ത് അംഗമായ ശായിസ്താ സാഹിബയുടെ ആമീൻ ചടങ്ങ്, 2006-07 വർഷത്തെ പ്രവർത്തനത്തിൽ ഇന്ത്യയിൽ ഒന്നാം സ്ഥാനം നേടിയ സിറ്റി നാസിറാത്തിനുവേണ്ടി സെക്രട്ടറിക്ക് സമ്മാനദാനം തുടങ്ങിയ പരിപാടികളും നടന്നു.

രാവിലെ 9.30 മുതൽ വൈകുന്നേരം വരെ നടന്ന കേമ്പിൽ 75 ഓളം ലജ്ന-നാസിറാത്ത് അംഗങ്ങൾ പങ്കെടുത്തു.

### *ഖസീദ പൂർത്തിയാക്കിയവർ*

1. താഹിറ ശബീന, 2. ശാഹിദ വസീം, 3. നഗീന മുസഫർ, 4. മാജിദ വസിം (നാസിറാത്ത്), 5. ബാസ്മ മുസഫർ (നാസിറാത്ത്) (കണ്ണൂർസിറ്റി).

1. സാജിറ ശംസീർ, 2. ശബാന, 3. മുഹ്സിന. ജെ. എം., 4. റിസ്‌വാന നൗഷാദ് (നാസിറാത്ത്) കടലായി ജമാഅത്ത്.

# മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ നോർത്ത് കേരള മജ്ലിസ് ആമ്ല- 2007-2008

| | | |
|---|---|---|
| 1. ഖാഇദ് | - ശെഫി അഹ്മദ് (കണ്ണൂർ സിറ്റി) | 9447378103 |
| 2. നാഇബ് ഖാഇദ് | - ഐ.കെ. മുസഫർ (മാത്തോട്ടം) | 9847994440 |
| 3. മുഅ്ത്തമിദ് | - സമിം (കോഴിക്കോട്) | 9387519202 |
| 4. നാസിംതജ്നീദ് | - സുൽത്താൻ ടി.കെ (കരുളായി) | 9447383246 |
| 5. നാസിം ഇശാഅത്ത് | - ആശിഖ്.ടി (കടലായി) | 9895563359 |
| 6. നാസിം മാൽ | - ബാസിത്ത് മുസ്ലിം (മണ്ണാർക്കാട്) | 9447715405 |
| 7. നാസിം തർബിയ്യത്ത് | - യാസർ അറഫാത്ത് (കോഴിക്കോട്) | 9895682433 |
| 8. നാസിം തബ്ലീഗ് | - സബാഹ് (പത്തപ്പിരിയം) | 9446993895 |
| 9. നാസിം തഅ്ലിം | - അൻവർ (പാലക്കാട്) | 9349450605 |
| 10. നാസിം ഖിദ്മത്തെ ഹൽഖ് | - ജലീൽ അഹ്മദ് (മാത്തോട്ടം) | 9895034166 |
| 11. നാസിം അത്ഫാൽ | - റസാഖ് (തിരൂർ) | 9288003959 |
| 12. നാസിം ഉമൂമി | - തയ്യിബ് (പഴയങ്ങാടി) | 9349703862 |
| 13. നാസിം തഹ്രീക്കെ ജദീദ് | - ഷാജിർ അഹ്മദ്.ടി | 9895271909 |
| 14. നാസിം വഖാറെ അമൽ | - മുഹമ്മദ് അഷ്റഫ് എം.കെ. (കോഴിക്കോട്) | |
| 15. നാസിം സൻ അത്തൊ തിജാറത്ത് | - മൻസൂർ (പള്ളിപ്പുറം) | 9846318023 |
| 16. നാസിം സിഹ്ത്തെ ജിസ്മാനി | - മഖ്ബൂൽ (മണ്ണാർക്കാട്) | 9447744628 |
| 17. നാസിം മുഹാസിബ് | - അശ്റഫ് എസ്.വി (കോഴിക്കോട്) | 9447411281 |
| 18. നാസിം തർബിയത്ത് നൗ മുബായീൻ | - ജാഫർ അലി എം. | 9946971025 |
| 19. നാസിം ഉമ്മൂറെ ത്വലബ | - നദിം (കൂടാളി) | 9847177534 |

***ജില്ലാ ഖാഇദുമാർ***

| | | |
|---|---|---|
| 1. കണ്ണൂർ | - റഹിം (പഴയങ്ങാടി) | 9995257629 |
| 2. കോഴിക്കോട് | - ശൗക്കത്ത് ബി.എം (കോഴിക്കോട്) | 995529231 |
| 3. മലപ്പുറം | - അബ്ദുൽഗനി (കരുളായി) | 9995882499 |
| 4. പാലക്കാട് | - ഉണ്ണീൻ (മുറിയക്കണ്ണി) | 9491938363 |

# ഖിലാഫത്ത് ജൂബിലി-സേവനങ്ങൾക്കുള്ള അവസരം പ്രയോജനപ്പെടുത്തുക

**(അഖിലേന്ത്യാ നായിബ് സദ്ർ ജനാബ് സലാഹുദ്ദീൻ സാഹിബുമായുള്ള അഭിമുഖം)**



**ചോ**ദ്യം: അഖിലേന്ത്യാ നായിബ് സദറായുള്ള പ്രവർത്തനങ്ങളെ എങ്ങനെ കാണുന്നു?

ഉത്തരം: നോർത്ത് ഇലാഖാ, സംസ്ഥാന ഖാഇദ് എന്നീ ചുമതലകളുള്ളപ്പോൾ ഏകോപിച്ച പ്രവർത്തനം എളുപ്പമായിരുന്നു. കുറച്ച് മജ്ലിസുകളുടെ മേൽനോട്ടം, മാതൃഭാഷയിലുള്ള സംവേദനം തുടങ്ങിയവ കാര്യങ്ങൾ ലഘൂകരിച്ചിരുന്നു. എന്നാൽ, ദക്ഷിണേന്ത്യയിലെ കന്നട, തെലുങ്ക്, തമിഴ് തുടങ്ങിയ ഭാഷകളുമായി പൊരുത്തപ്പെടുകയെന്നത് വിഷകരമാണ്. ഉർദു, ഇംഗ്ലീഷ് മാധ്യമങ്ങൾ ഉപയോഗിക്കേണ്ടിവരും. കേരളത്തിന് പുറത്ത് നിരവധി നവഅഹ്മദികളുള്ള ജമാഅത്തുകളുണ്ട്. റിപ്പോർട്ടുകൾ കൃത്യമായ അയക്കാത്ത മജ്ലിസുകളും ധാരാളം. ഇവയൊക്കെ ഏകോപിപ്പിച്ച് പ്രവർത്തനിരതമാക്കുകയെന്നത് ഒരു കഠിനപ്രയത്നം തന്നെയാണ്. എന്നാൽ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ കാര്യങ്ങളൊക്കെ എളുപ്പമാകും എന്നുതന്നെയാണ് പ്രതീക്ഷ.

ചോദ്യം: നിരവധി യുവജന സംഘടനകളുടെയിടയിൽനിന്ന് ഖുദ്ദാമുൽ അഹ്മദിയ്യായെ വ്യത്യസ്തമാക്കുന്ന ഘടകങ്ങൾ ഏതൊക്കെയാണ്?

മറ്റ് സംഘടനകളിൽനിന്നും വ്യത്യസ്തമായി ഖുദ്ദാമുൽ അഹ്മദിയ്യാക്ക് വ്യക്തമായ ലക്ഷ്യവും ലക്ഷ്യം പ്രാപിക്കുന്നതിന് വ്യക്തമായ മാർഗ്ഗങ്ങളുമുണ്ട്. മറ്റുള്ളവർ ഏത് മാർഗ്ഗമുപയോഗിച്ചും ലക്ഷ്യം നേടുകയെന്ന നയം നടപ്പിലാക്കുന്നു. എന്നാൽ, വിശുദ്ധഖുർആന്റെ അടിസ്ഥാനത്തിലാണ് നാം ലക്ഷ്യത്തിലേക്കുള്ള മാർഗ്ഗം തിരഞ്ഞെടുക്കുന്നത്. ലോകസമാധാനം, സ്രഷ്ടാവിനെക്കുറിച്ചുള്ള അവബോധം എന്നിവ പ്രചരിപ്പിക്കാൻ ദൈവവും അവന്റെ ദൂതനും പറഞ്ഞരീതിയിൽ അനുവദിക്കപ്പെട്ട എല്ലാ മാർഗ്ഗങ്ങളും ഉപയോഗിക്കാവുന്നതാണ്. കാലത്തിന്റെ ആവശ്യം മനസ്സിലാക്കി അക്രമത്തിലേക്ക് നീങ്ങാതെ ദീനിനെ ലക്ഷ്യം വെക്കാതെ നിസ്വാർത്ഥമായുള്ള പ്രവർത്തനമായിരിക്കണം ഓരോ ഖാദിമിന്റേതും. നന്മയിൽ മത്സരബുദ്ധിയോടെ പ്രവർത്തിക്കുക. അതിനോട് മറ്റുള്ളവർ ഏത് രീതിയിൽ പ്രതികരിക്കുമെന്നത് ഞങ്ങൾക്ക് പ്രശ്നമല്ല. മറ്റൊന്ന് മറ്റുള്ളവരിൽനിന്നും വ്യത്യസ്തമായി നാം ദുആയെ ആശ്രയിക്കുന്നു. പ്രവർത്തനങ്ങളേക്കാൾ പ്രാധാന്യം ദുആക്ക് നൽകിയാൽ നബിയുടെ കാലത്ത് ലഭിച്ചതുപോലുള്ള വിജയങ്ങൾ നമുക്കും നേടാനാകും.

ചോദ്യം: ഖിലാഫത്ത് ജൂബിലിയെ എങ്ങനെ നോക്കിക്കാണണം?

ഖിലാഫത്ത് ജൂബിലി ചരിത്രത്തിലെ നാഴികക്കല്ലാണ്. അതിന്റെ ബർക്കത്തുകൾ അപാരമാണ്. മസീഹ് മൗഊദ്(അ)ന്റെ വഫാത്തിനുശേഷം ജമാഅത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് ചുക്കാൻ പിടിച്ചത് ഖിലാഫത്താണ്. ഇസ്ലാമിന്റെ സന്ദേശപൂർത്തീകരണം ഖിലാഫത്തിലൂടെയാണ്. ഖിലാഫത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും അനിവാര്യതയെക്കുറിച്ചും കൂടുതൽ ബോധവാന്മാരാകാൻ ജൂബിലി സഹായിക്കും. ഹുസൂർ തിരുമേനി നിർദ്ദേശിച്ച പ്രത്യേക ദുആകളും അനുഷ്ഠാനങ്ങളും ആ വഴിക്കുള്ള പരിശ്രമങ്ങളാണ്. ജൂബിലിയോടനുബന്ധിച്ച് പ്രഖ്യാപിക്കപ്പെട്ട ഓരോ പ്രവർത്തനങ്ങളും നമ്മെ ഖിലാഫത്തുമായി കൂടുതൽ അടുപ്പിക്കുന്നതിന് സഹായിക്കുകയെന്ന ലക്ഷ്യം വെച്ചുകൊണ്ടാണ്. ഓരോ മജ്ലിസിൽനിന്നും ചുരുങ്ങിയത് രണ്ട് ഖാദിമീങ്ങളെങ്കിലും പ്രബന്ധരചനയിൽ പങ്കെടുക്കണമെന്ന്

*(ശേഷം 8-ാം പേജിൽ)*

# ശാസ്ത്രവും ദൈവവും

**വി**ശുദ്ധഖുർആനിലെ ഏകദേശം 750 ഓളം വാക്യങ്ങൾ പ്രകൃതിയെപ്പറ്റി പഠിക്കാനും കാര്യകാരണങ്ങൾ സഹിതം സ്രഷ്ടാവായ അല്ലാഹുവിനെ കണ്ടെത്താനും വിശ്വാസികളെ പ്രേരിപ്പിക്കുന്നവയാണെന്ന് ഡോ. അബ്ദുസ്സലാം എഴുതിയിട്ടുണ്ട്. പ്രകൃതിനിയമങ്ങളുടെ സുതാര്യതയെപ്പറ്റിയാണ് വിശുദ്ധഖുർആൻ നമ്മോട് പറയുന്നത്. കോസ്മോളജി, ജിയോളജി, ജീവശാസ്ത്രം, ഊർജ്ജതന്ത്രം തുടങ്ങി നിരവധി ശാസ്ത്രങ്ങളെ സ്പർശിച്ചുകൊണ്ടാണ് ഖുർആൻ മനുഷ്യരെ അഭിസംബോധന ചെയ്യുന്നത്. സൂറഃ അൽഗാശിയായിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു. "ഒട്ടകങ്ങളിലേക്ക് അവർ നോക്കുന്നില്ലേ? അവ എങ്ങനെ സൃഷ്ടിക്കപ്പെട്ടുവെന്ന ആകാശത്തിലേക്കും (അവർ നോക്കുന്നില്ലേ) അതെങ്ങനെ ഉയർത്തപ്പെട്ടുവെന്ന്. പർവ്വതങ്ങളിലേക്കും അതെങ്ങനെ നാട്ടിനിറുത്തപ്പെട്ടിരിക്കുന്നുവെന്ന്, അവർ ഭൂതലത്തിലേക്കും നോക്കുന്നില്ലേ അതെങ്ങനെ വിരിക്കപ്പെട്ടിരിക്കുന്നുവെന്ന്? (88:18-21). കൂടാതെ സൂറഃ ബനിഇസ്റായിലിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു. "ഏഴാകാശങ്ങളും ഭൂമിയും അവയിലുള്ളവരുമെല്ലാം അവന്റെ പരിശുദ്ധിയെ പ്രകീർത്തിച്ചുകൊണ്ടിരിക്കുന്നു. അവനെ സ്തുതിക്കുന്നതോടൊപ്പം അവന്റെ പരിശുദ്ധിയെ പ്രകീർത്തിക്കാത്ത ഒരു വസ്തുവും ഇല്ല തന്നെ. പക്ഷേ, അവയുടെ പ്രകീർത്തനങ്ങൾ നിങ്ങൾ ഗ്രഹിക്കുന്നില്ല. തീർച്ചയായും അവൻ എത്രയും സഹനശീലനും പൊറുക്കുന്നവനുമാകുന്നു" (17:48).

യുക്തിവാദികളായ ശാസ്ത്രജ്ഞന്മാരും സൃഷ്ടിയുടെ ഇത്തരം സൗന്ദര്യ ദൃഷ്ടാന്തങ്ങൾക്ക് മുമ്പിൽ വിനീതരാണ്. എന്നാൽ, അവരുടെ നിലപാടുകളും അപഗ്രഥനരീതികളും വിശ്വാസികളിൽനിന്ന് ഭിന്നമാണ്. ഇതുമായി ബന്ധപ്പെട്ട് പ്രൊഫ. റിച്ചാർഡ് ഡാകിൻസ് ഇങ്ങനെ പറയുന്നു. "എപ്പോഴാണോ മനുഷ്യർക്ക് പുതിയ ആശയങ്ങൾ ലഭിക്കുന്നത്, അതിനെയൊക്കെ ജീവലോകത്ത് വിശദമായി തിരഞ്ഞുപിടിക്കുവാൻ ജീവശാസ്ത്രകാരന്മാർക്ക് സാധിക്കുന്നു'' ജീവജാലങ്ങളുടെ വൈവിധ്യം എല്ലാതരത്തിലുള്ള ശാസ്ത്രീയ അനുമാനങ്ങൾക്കും പരീക്ഷണശാലയാണ്. പുതിയ കണ്ടെത്തലുകൾ തട്ടിച്ചുനോക്കുന്നത് വിവിധ വർഗ്ഗത്തിലുള്ള ജീവികളുടെ പ്രകൃത്യാലുള്ള കഴിവുകളുമായാണ്. ഉദാ: ഇലക്ട്രോ-സ്ഥാന നിർണ്ണയം- ഇത് വവ്വാലുകളിൽ ജന്മസിദ്ധമാണ്. അണക്കെട്ട് നിർമ്മിതി- ബിവർജീവികൾ അതിവിദഗ്ദ്ധരാണിതിൽ. ഇൻഫ്രാറെഡ് താപനിർണ്ണയ സംവിധാനം- ചിലയിനം പാമ്പുകൾക്ക് ഈ കഴിവുണ്ട്. ജറ്റ് പ്രപ്പോൽഷൻ-സ്കിഡുകളിൽ ഇത്തരം സംവിധാനമുണ്ട്.

ചുരുക്കത്തിൽ ശാസ്ത്രീയ പഠനത്തിന് നിരവധി മുഖങ്ങളുണ്ട്. ഒരുതരത്തിൽ പറഞ്ഞാൽ ശാസ്ത്രീയ പഠനങ്ങൾ ശാസ്ത്രത്തിന്റെതന്നെ വളർച്ചയ്ക്കുവേണ്ടിയാണ്. മറ്റൊരർത്ഥത്തിൽ ശാസ്ത്രപഠനം നയിക്കുന്നത് ധാർമ്മികതയിലേക്കാണ്. ഈയർത്ഥത്തിൽ ശാസ്തരപഠനത്തിന്റെ ആത്യന്തിക ഫലം ആത്മീയമായ വികാസമത്രെ. പ്രകൃതിയെക്കുറിച്ചുള്ള പഠനം ചെന്നെത്തുന്നത് ഇത്തരം ആത്മീയതയിലാകുന്നു. ശാസ്ത്രപഠനത്തിന്റെ ഈയൊരുവശം മസീഹ് മൗഊദ്(അ) കാണിച്ചുതന്നിട്ടുണ്ട്. അദ്ദേഹം പറഞ്ഞത് ഈ പ്രപഞ്ചത്തിലെ സമസ്ത ചരാചരങ്ങളും അല്ലാഹുവിന്റെ ദയാവായ്പിൽ നിലില്ക്കുന്നുവെന്നാണ്. അല്ലാഹുവിന്റെ കാരുണ്യങ്ങളിൽ പ്രഥമമായത് പ്രപഞ്ചത്തിന്റെ രക്ഷിതാവ് എന്ന നിലയ്ക്കുള്ളതാണ്. ഇതനുസരിച്ച് ദൈവിക കാരുണ്യം മുഴുവൻ പ്രപഞ്ചത്തിലും സ്വർഗ്ഗത്തിലും, ഭൂമിയിലും ശരീരത്തിലും ആത്മാവിലുമൊക്കെ സദാ പ്രവർത്തനനിരതമാണ്.

(അവലംബം, ഇ-ഗസറ്റ് അൽഇസ്ലാം)

# നിയമ വീഥി

**നിങ്ങളുടെ നിയമപരമായ സംശയങ്ങൾക്ക് പ്രഗത്ഭ അഹ്മദി അഭിഭാഷകർ മറുപടി നൽകുന്നു**

**?** എന്റെ മരിച്ചുപോയ പിതാവിൽനിന്നും കിട്ടിയ മൂന്ന് മുറിപീടിക എടുപ്പുകൾ എനിക്കും മൂന്ന് സഹോദരങ്ങൾക്കുമായി ലഭിച്ചു. അച്ഛൻ മരിച്ചിട്ട് ഒരുവർഷമായി. 15 കൊല്ലം മുമ്പ് തന്നെ വാടകക്കെടുത്തവരാണ് ആ മൂന്നു മുറികളിലും കച്ചവടം ചെയ്യുന്നത്. എനിക്ക് ജോലിയോ സ്വന്തമായി വരുമാനമോ ഇല്ല. പീടികമുറികളുടെ വാടക വളരെ തുച്ഛവുമാണ്. എനിക്ക് ചെറിയ കച്ചവടം നടത്തണമെന്നുണ്ട്. ആ പീടികമുറികൾ ഒഴിഞ്ഞുകിട്ടാൻ യാതൊരു സാധ്യതയുമില്ല. ഒഴിപ്പിച്ചെടുക്കാൻ എനിക്ക് എന്ത് ചെയ്യാൻ കഴിയും? മറ്റ് സഹോദങ്ങൾ സഹകരിച്ചില്ലെങ്കിൽ എന്ത് ചെയ്യണം? നിയമപരമായി എനിക്ക് വല്ല ആനുകൂല്യവും ഇക്കാര്യത്തിൽ ലഭ്യമാണോ? എടുപ്പ് കണ്ണൂർ മുൻസിപ്പാലിറ്റിയിൽപെട്ടതാണ്. (അമീൻ, ലബ്ബത്തെരു, കണ്ണൂർ)

▶ നിങ്ങൾക്ക് ജോലിയോ സ്വന്തമായി വരുമാനമോ ഇല്ലാത്തതുകൊണ്ട് കേരള ബിൽഡിംഗ് ലീസ് ആന്റ് റെന്റ് കൺട്രോൾ ആക്ടിലെ 11(3) വകുപ്പ് പ്രകാരം മുൻസിഫ് കോടതിയിൽ ഒരു ഹരജി ഫയൽ ചെയ്താൽ പീടികമുറി നിങ്ങൾക്ക് ഒഴിഞ്ഞുകിട്ടാനുള്ള നല്ല സാധ്യതയുണ്ട്. പീടികമുറികൾ നിങ്ങൾ മൂന്ന് സഹോദരന്മാരുടെ ഉടമസ്ഥതയിലുള്ളതായതിനാൽ അവരുടെ ഭാഗത്തുനിന്ന് സഹകരണമില്ലെങ്കിൽ പീടികമുറികൾ ഭാഗം ചെയ്തതിനുശേഷം നിങ്ങളുടെ പേരിൽ ലഭിക്കുന്ന മുറിയിലെ കുടിയാനെ ഒഴിപ്പിക്കുന്നതിന് മേൽപറഞ്ഞ പ്രകാരം നിങ്ങൾക്ക് സ്വന്തമായി ഹരജി നൽകാവുന്നതാണ്. പരസ്പരം സഹകരിച്ച് ഒരു രജിസ്റ്റേർഡ് ഭാഗാധാരപ്രകാരം പീടികമുറികൾ ഭാഗം ചെയ്യാൻ സഹോദരന്മാർ സഹകരിക്കുന്നില്ലെങ്കിൽ കെട്ടിടം ഭാഗം ചെയ്ത് ഒരു മുറി നിങ്ങൾക്ക് സ്വന്തമായി കിട്ടുന്നതിനുവേണ്ടി കോടതിയിൽ അന്യായം കൊടുക്കേണ്ടിവരും.

നിങ്ങളുടെ ചോദ്യങ്ങൾ താഴെപറയുന്ന വിലാസത്തിൽ അയക്കുക.

**നിയമവീഥി, അൽഹഖ്**
**C/o. അഹ്മദിയ്യാ കോംപ്ലക്സ്, ഫോർട്ട് റോഡ്, കണ്ണൂർ - 1**

പ്രതിമാസം

വാർത്താവിശകലനം

ഷാജിർ അഹ്മദ്

# നന്ദിഗ്രാം- ചിരിയും ചിന്തയും

*നന്ദിഗ്രാം സംഭവങ്ങളിൽ പുതിയ വ്യതിയാനങ്ങൾ ഉണ്ടാകുന്നു. മുമ്പേ പറഞ്ഞുകേട്ടത് ടാറ്റയുടെ കാർനിർമ്മാണശാലക്കെതിരായ ജനകീയ പ്രതിരോധമെന്ന നിലയ്ക്കാണ്. എന്നാലിപ്പോൾ പ്രതിഷേധത്തിന്റെ അർത്ഥവും, ഭാഷയും മാറിയിരിക്കുന്നു. കൊൽക്കൊത്തയിൽ പട്ടാളമിറങ്ങേണ്ട അവസ്ഥയിലേക്ക് നന്ദിഗ്രാം വളരുമ്പോൾ രാജ്യത്തിന്റെ ശ്രദ്ധ മുഴുവൻ അങ്ങോട്ടുതിരിഞ്ഞു. നന്ദിഗ്രാമിൽ ന്യൂനപക്ഷങ്ങൾക്കു നേരെയാണ് അക്രമമെന്ന് വാദിക്കപ്പെടുന്നു. മറുവശത്ത് മുസ്‌ലിം തീവ്രവാദികളുടേയും മാവോയിസ്റ്റുകളുടേയും സാന്നിധ്യം ആരോപിക്കപ്പെടുന്നു. എന്താണ് സത്യം? മറ്റു പലപ്പോഴുമെന്നപോലെ ഇവിടേയും സത്യം മറഞ്ഞു നിൽക്കുന്നു. ഭരണകൂടത്തിന്റെ ഭാഷയും പ്രതിഷേധക്കാരുടെ ഭാഷയും വിശകലനത്തിനതീതമാണ്.*

*എന്നാൽ പുതിയ കുഴപ്പങ്ങൾ ഉണ്ടാകുന്നത് ഒരു ന്യൂനപക്ഷ സംഘടനയുടെ ബന്ദാഹ്വാനത്തോടെയാണ്. ഇവർക്ക് ജമാഅത്തെ ഇസ്‌ലാമിയുമായി ബന്ധമുണ്ടെന്ന് ആരോപണമുയർന്നിരുന്നു. ഇത് ശരിവയ്ക്കുന്ന തരത്തിലായിരുന്നു പ്രസ്തുത സംഘടനയുടെ തെരുവ് പ്രകടനം. പാക്കിസ്ഥാനിലേയും ബംഗ്ലാദേശിലേയും അക്രമാസക്തമായ ജനക്കൂട്ടത്തിന്റെ രാസഘടന കൊൽക്കൊത്തയിൽ തെളിഞ്ഞുകണ്ടു. അക്രമികളുടെ ശരീരഭാഷയിൽപോലും സമാനതകളുണ്ട്. എന്നാൽ, ഈ സംഭവങ്ങളുടെ പ്രതിലോമകരമായ വശം പശ്ചിമബംഗാൾ ഗവർമ്മെന്റ് അനുവർത്തിച്ച നടപടികളാകുന്നു.*

*ബംഗാളിൽ (കൊൽക്കൊത്തയിൽ) അഭയം തേടിയിരുന്ന പ്രശസ്ത ബംഗ്ലാ എഴുത്തുകാരി തസ്‌ലിമ നസ്റിനെ നന്ദിഗ്രാം സംഭവങ്ങളെ തുടർന്ന് ബംഗാൾ ഗവർമ്മെന്റ് കൈവെടിഞ്ഞതാണ് ഏറെ ആശ്ചര്യകരം. ന്യൂനപക്ഷ സംഘടനയുടെ ആവശ്യങ്ങളിൽ ഒന്നായിരുന്നു ഇക്കാര്യം. തസ്‌ലിമ പുറത്താകുമ്പോൾ ന്യൂനപക്ഷ വോട്ടുകളിൽ അധീശത്വം കിട്ടിയേക്കാം. എന്നാൽ, ഒരു വ്യക്തിയെ പുറത്താക്കാനുള്ള ധാർമ്മികത ജനക്കൂട്ടത്തിനല്ലാ എന്ന് പറയാനുള്ള അവസ്ഥ ബംഗാളിലെ ഇടതുകക്ഷികൾ കാണിച്ചില്ല. അങ്ങനെ വരുമ്പോൾ എന്താണ് ഇടതുപക്ഷം എന്ന കാര്യം പ്രസക്തമാകുന്നു. ഫാസിസത്തിന്റെ ഇന്ത്യൻ രൂപരേഖ തയ്യാറാകുന്നത് ഹിന്ദുത്വ തീവ്രവാദികളാൽ മാത്രമല്ല. പാക്കിസ്ഥാനിലേയും ബംഗ്ലാദേശിലേയും തെരുവ് യുദ്ധങ്ങളുടെ ആശയം കൈയിലുള്ള ചിലരുണ്ട്. ഇവർ തങ്ങളുടെ മതരാഷ്ട്രീയ അജണ്ടകൾക്കുള്ള മാധ്യമമാകുന്നത് നന്ദിഗ്രാമത്തെയാകാം, തസ്‌ലിമാ നസ്റിനെയാകാം. ഇതൊന്നും തടയാനുള്ള രാഷ്ട്രീയ നിശ്ചയദാർഢ്യം ഇടതു പാർട്ടികൾക്കുമില്ല എന്നത് ഭയപ്പെടുത്തുന്ന സത്യമാണ്.*

*(6-ാം പേജിൽനിന്ന്)*

ടീച്ചർമാർക്ക് അല്പം അലവൻസ് നൽകാവുന്നതാണ്. ഇന്ത്യ മുഴുവനും ഇത് പ്രവർത്തന സജ്ജമാക്കാൻ നസാറത്ത് നിർദ്ദേശങ്ങൾ നൽകുകയും പ്രേരിപ്പിക്കുകയും അവരും വേണ്ടുന്ന സഹായങ്ങൾ ചെയ്തു കൊടുക്കുകയും ചെയ്യുക.

11. ന്യൂ സയന്റിസ്റ്റ്, നാഷണൽ ജ്യോഗ്രഫിക് എന്നീ മാസികകൾ ഹുസൂർ തിരുമനസ്സ് തന്റെ വായനക്കുശേഷം നമുക്ക് അയച്ചുതരുന്നതായിരിക്കും. നമ്മുടെ വിദ്യാർത്ഥികളുടെ പ്രയോജനാർത്ഥം നസാറത്ത് തഅ്‌ലീമിന് ഒരു മികച്ച ലൈബ്രറി ഉണ്ടായിരിക്കേണ്ടതാണ്.

12. അഹ്മദി വിദ്യാർത്ഥികളേയും വഖ്ഫെനൗ കുട്ടികളേയും ജമാഅത്തീ സാഹിത്യങ്ങളുടേയും എം.ടി.എ, ഇസ്‌ലാം വെബ്സൈറ്റുമായും കൂടുതൽ കൂടുതൽ ബന്ധപ്പെടുത്തുന്നതിനായി നസാറത്ത് എല്ലാവിധത്തിലും പരിശ്രമിക്കുക. ഇതിനായി സെക്രട്ടറി തഅ്‌ലീമിനേയും പോഷകസംഘടനകളേയും ആക്ടീവാക്കുക.

13. നമ്മുടെ സ്കൂളുകളിലെ അഹ്മദികളായ അധ്യാപകർ വഖ്ഫിന്റെ ആത്മാവ് ഉൾക്കൊണ്ട് ആത്മാർത്ഥതയോടുകൂടി പഠിപ്പിക്കുക. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കൂടുതൽ ശ്രദ്ധിച്ച് മുന്നോട്ട് കൊണ്ടുവരാൻ പരിശ്രമിക്കുക. പൊതുവായി ക്ലാസ്സിലെ എല്ലാ കുട്ടികളേയും സഹായിക്കുക.

14. നമ്മുടെ സ്കൂളുകളുടെ പഠനനിലവാരം ഏറ്റവും മികച്ചതായിരിക്കേണ്ടതാണ്. അതിനായി ഉന്നത നിലവാരത്തിലുള്ള ലബോറട്ടറി, ലൈബ്രറി, സ്പോർട്സ് സംവിധാനങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

15. ഇറ്റലിയിൽനിന്നും ലഭ്യമായിരുന്ന സയൻസ് ഫണ്ട് വീണ്ടും ലഭ്യമാക്കുവാൻ നസാറത്ത് തഅ്‌ലീം പരിശ്രമിക്കുക.

16. സ്റ്റേറ്റ്, കേന്ദ്ര ഗവൺമെന്റുകളിൽനിന്നും ലഭ്യമാകുന്ന വിദ്യാഭ്യാസ സഹായ പദ്ധതികൾ, സ്ഥാപനങ്ങളുടെ ലൈബ്രറികൾക്ക് ലഭിക്കുന്ന ഫണ്ടുകൾ എന്നിവയിൽനിന്നും പരമാവധി പ്രയോജനം ഉൾക്കൊള്ളേണ്ടതാണ്.

17. ഇന്ത്യയിലെ മുസ്‌ലിംകളെ ഗവർമ്മെന്റ് സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കവിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളതെങ്കിൽ സ്റ്റേറ്റ്, കേന്ദ്ര ഗവർമ്മെന്റിന്റെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പിന്നോക്കവിഭാഗത്തിന്റെ ക്വാട്ടാ റിസർവേഷൻ സീറ്റിൽനിന്നും അഹ്മദി വിദ്യാർത്ഥികൾ പ്രയോജനമെടുക്കാവുന്നതാണ്. (തുടർന്ന് ഹുസൂർ അരുൾ ചെയ്യുകയുണ്ടായി) ഇന്ത്യയിലെ മുസ്‌ലിംകളെ സർക്കാർ പൊതുവായാണ് ട്രീറ്റ് ചെയ്യുന്നത്. ഇവിടെ പിന്നോക്കവിഭാഗം കൊണ്ടുദ്ദേശിക്കുന്നത് ഹിന്ദുക്കളിൽ നിലവിലുള്ള ഉച്ചനീചത്വമല്ല.

18. മറ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ നടത്തുന്ന എൻട്രൻസ് കോച്ചിംഗിനായി നസാറത്ത് തഅ്‌ലീം സഹായമൊന്നും നൽകുന്നതല്ല. വിദ്യാർത്ഥികൾ സ്വന്തമായി കഠിനാധ്വാനം ചെയ്ത് തന്റെ കഴിവുകൾ മെച്ചപ്പെടുത്തി ഈ പരീക്ഷകളിൽ മത്സരിക്കുക.

19. 10-ലും 12-ലും 80%വും അതിൽ കൂടുതലും മാർക്ക് വാങ്ങിയ കുട്ടികളെ കണ്ടെത്തി അവർക്കായി എൻട്രസിനുള്ള കോച്ചിംഗ് ക്ലാസ്സുകൾ നസാറത്ത് തഅ്‌ലീം സംഘടിപ്പിക്കുക. അതിനായി വേറെ ബജറ്റ് തയ്യാറാക്കി എന്നിൽനിന്നും അനുവാദം വാങ്ങുക.

20. നമ്മുടെ വിദ്യാർത്ഥികളും വഖ്ഫെനൗ കുട്ടികളും സമയം പാഴാക്കാതിരിക്കുക. ഗുണകരമായ പ്രവർത്തനങ്ങളിൽ വ്യാപൃതരായിരിക്കുവാൻ അവരെ എപ്പോഴും ശ്രദ്ധിച്ചുകൊണ്ടിരിക്കുക. അറിവ് സമ്പാദനത്തിൽ മുഴുകുക. ഉയർന്ന അക്കാദമികതലം പ്രാപിക്കുവാൻ ശ്രമിക്കുക.

21. ഇന്ത്യയിലെ മുഴുവൻ അഹ്മദി വിദ്യാർത്ഥികളും വഖ്ഫെനൗ കുട്ടികളും ഖിലാഫത്ത് ജൂബിലി പരിപാടികളിൽ പൂർണ്ണമായും പങ്കെടുക്കുക. ഹുസൂറിന്റെ എല്ലാ മാർഗ്ഗനിർദ്ദേശങ്ങൾക്കുമനുസൃതമായി പ്രത്യേകിച്ച് യു.കെ. ജൽസയുടെ സമാപന പ്രഭാഷണത്തിൽ ചെയ്ത ഉപദേശങ്ങൾക്കനുസൃതമായി പ്രവർത്തിക്കുക.

22. 'ബയ്അത്ത് നിബന്ധനകളും ഒരഹ്മദിയുടെ ഉത്തരവാദിത്ത്വവും' [Conditions of Baiat and Responsibilitie of an Ahmadi] എന്ന ഹുസൂർ തിരുമനസ്സിന്റെ ഗ്രന്ഥത്തിൽനിന്നും പ്രയോജനമെടുക്കേണ്ടതാണ്.

*(അവലംബം- ബദ്ർ, 15.8.2007)*

*(7-ാം പേജിൽനിന്ന്)*

നിഷ്കർഷിച്ചത് ഖിലാഫത്തിനെക്കുറിച്ച് അവബോധമുള്ള കുറച്ച് യുവാക്കളെ വളർത്തിക്കൊണ്ടുവരാനും അതുവഴി മറ്റുള്ളവർക്ക് കാര്യങ്ങൾ പറഞ്ഞുകൊടുക്കാൻ പ്രാപ്തരാക്കുകയും ചെയ്യുകയെന്ന ലക്ഷ്യം വെച്ചുകൊണ്ടാണ്. ദൈവികപാശത്തെ മുറുകെപിടിക്കുകയെന്നതിന്റെ അർത്ഥം ഖിലാഫത്തുമായി ഒട്ടിച്ചേരുകയെന്നതാണ്.

ചോദ്യം: ഖിലാഫത്തിനോടുള്ള അനുസരണം എപ്രകാരമായിരിക്കണം?

ഉത്തരം: ഉപാധിയില്ലാത്ത അനുസരണമായിരിക്കണം ഖിലാഫത്തിനോടുണ്ടാകേണ്ടത്. നമ്മുടെ വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾ നോക്കാതെ കാലത്തിന്റെ ഇമാമിൽനിന്നും വരുന്ന എല്ലാ നിർദ്ദേശങ്ങളും പ്രാദേശികതലത്തെക്കുറിച്ച് ചിന്തിക്കാതെ അനുസരിച്ച് എത്രയും പെട്ടെന്ന് ജീവിതത്തിൽ പകർത്തുക. ഇങ്ങനെയായിരിക്കണം ഖിലാഫത്തിനോട് നാം കാണിക്കേണ്ട അനുസരണം.

ചോദ്യം: കേരളത്തിലെ സംഘടനാ പ്രവർത്തനത്തെക്കുറിച്ചുള്ള വിലയിരുത്തൽ?

ഉത്തരം: കേരളത്തിൽ നേതൃത്വം നല്കിയ കാലയളവിൽ വിവിധ മജ്‌ലിസുകളിലെ ഖാദിമീങ്ങളുടേയും അത്ഫാലുകളുടേയും ആത്മാർത്ഥമായ സ്നേഹവും കൂറും ആവോളം അനുഭവിച്ചിട്ടുണ്ട്. ലക്ഷദ്വീപിലായതിനാൽ കുട്ടിക്കാലത്തും യൗവ്വനദശയിലും സംഘടനാ രംഗത്ത് സേവനം ചെയ്യാൻ സാധിച്ചിരുന്നില്ല. എന്നാൽ, കേരളത്തിൽ വന്നശേഷം ഖുദ്ദാമുൽ അഹ്മദിയ്യായിൽ പ്രവർത്തിക്കാൻ അവസരം ലഭിച്ചു. ഖാദിമീങ്ങളിൽ നിന്നും ബന്ധപ്പെട്ടവരിൽ നിന്നും കറകളഞ്ഞ സ്നേഹം നേടാനായിട്ടുണ്ട്. ഒരുപരിധിവരെ നല്ലരീതിയിൽ സംഘടനയെ നയിക്കാൻ ഖാദിമീങ്ങളിൽനിന്നും ലഭിച്ച പിന്തുണയാണ് സഹായകമായത്. മർക്കസുമായി കേരളഘടകത്തെ അടുത്ത് ബന്ധപ്പെടത്താൻ പരിശ്രമിച്ചിട്ടുണ്ട്. ഇനിയും സാധിക്കുന്നത്ര പ്രവർത്തനങ്ങൾ നടത്താൻ സാധിക്കും (ഇൻശാഅല്ലാഹ്).

ചോദ്യം: ഖാദിയാനിലെ ഉദ്യോഗസ്ഥരുമായുള്ള ബന്ധം?

ഉത്തരം: കേന്ദ്രതലത്തിലുള്ള സംഘടനാ ഭാരവാഹികളുമായിട്ട് ഖാഇദെന്ന രീതിയിൽ അടുത്ത് ബന്ധപ്പെടുവാൻ സാധിച്ചിട്ടുണ്ട്. തന്മൂലം ഖുദ്ദാമൽ അഹ്മദിയ്യായുടെ പ്രവർത്തനം എളുപ്പത്തിലും വേഗത്തിലുമാക്കാൻ കഴിഞ്ഞു. ഭാഷാപരമായ പ്രശ്നമുണ്ടെങ്കിലും നിരന്തരം കേന്ദ്രനേതൃത്വവുമായുള്ള ബന്ധപ്പെടൽ സംഘടനാ പ്രവർത്തനത്തിൽ മുതൽകൂട്ടായിട്ടുണ്ട്. ജമാഅത്തിന്റെ പ്രവർത്തന കാര്യങ്ങൾ അവർ ചോദിച്ചു മനസ്സിലാക്കുകയും പല കാര്യങ്ങളിലും കേരളത്തെ മാതൃകയാക്കാറുമുണ്ട്.

ചോദ്യം: കേരള ഖുദ്ദാമുൽ അഹ്മദിയ്യായുടെ സംഘടനാ ഭാവി?

ഉത്തരം: കേരള ഘടകത്തിന് ശോഭനമായ ഭാവിയുണ്ട്. കേരളത്തിൽ കഴിവുള്ള മുത്തഖീങ്ങളായ യുവക്കളുമുണ്ട്. ഉർദുവിലുള്ള പരിജ്ഞാനക്കുറവും തടസ്സങ്ങൾ സൃഷ്ടിക്കുന്നതിനാൽ ഉർദു ഭാഷാപഠനത്തിന് അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഭൗതിക വിദ്യാഭ്യാസവും ജമാഅത്തിനോടുള്ള സ്നേഹവും സമാന്തരമായി കൊണ്ടുപോകാൻ സാധിക്കണം. മുത്തഖീങ്ങളായ വിജ്ഞാനദാഹികളുടെ എണ്ണം വർദ്ധിപ്പിക്കാൻ സാധിച്ചാൽ മാതൃക പിൻപറ്റാൻ ഒരുപാടാളുകളെ നമുക്ക് ലഭിക്കും. മജ്‌ലിസുകളിലെ വിവിധ പരിപാടികളുടെ പ്രാതിനിധ്യം വെച്ചുനോക്കുമ്പോൾ അഭൂതപൂർവ്വമായ മുന്നേറ്റം പ്രതീക്ഷിക്കുന്നു. ഖിലാഫത്ത് ജൂബിലിവർഷം തന്നെ അത് കാണാൻ സാധിക്കും.

ചോദ്യ: അത്ഫാലുകൾക്കുള്ള സന്ദേശം?

ഉത്തരം: ഖിലാഫത്ത് ജൂബിലി വർഷം വളരെ സവിശേഷമായ അവസരമായി കണക്കിലെടുത്ത് ഹുസൂറുമായി കത്തുകളിലൂടെ ബന്ധപ്പെടാനും ഖിലാഫത്തിനെക്കുറിച്ച് പഠിക്കാനും സ്ഥിരമായി എം.ടി.എ കാണാനും തയ്യാറെടുക്കണം. ഖുത്ബകൾ സശ്രദ്ധം കേൾക്കാനും വായിക്കാനും ശ്രമിക്കണം. ടൈം ടേബിളിൽ ഖുത്ബക്കായും എം.ടി.എ പരിപാടികൾക്കായും സമയം നീക്കിവെക്കണം. ഇപ്പോൾതന്നെ തയ്യാറെടുപ്പുകൾ നടത്തിയാൽ 2008 ഓടുകൂടി ജമാഅത്തിന്റെ വിലപ്പെട്ട സ്വത്തുക്കളായി മാറാൻ അത്ഫാലുകൾക്ക് കഴിയും.

## ലജ്ന യോഗം


**കണ്ണൂർ ടൗൺ:** കണ്ണൂർ ടൗൺ ലജ്നാ ഇമായില്ലാഹ് പ്രത്യേക യോഗം സംഘടിപ്പിച്ചു. ലജ്ന പ്രസിഡണ്ട് വഹീദ സാഹിബ ആധ്യക്ഷം വഹിച്ചു. യോഗത്തിൽ 'ആരോഗ്യ പരിപാലനം' എന്ന വിഷയത്തെ സംബന്ധിച്ച് ഷാഹിന ബശീർ സാഹിബ ക്ലാസെടുത്തു. 'നാൽപത് മൊഴിമുത്തുകൾ' എന്ന പുസ്തകത്തെ യോഗത്തിൽ പരിചയപ്പെടുത്തി. പുസ്തക പരിചയം നടത്തിയത് റംല ഇസ്മായിൽ സാഹിബ ആയിരുന്നു. ഹിബത്തുൽ കരിം സാഹിബയും, ഫൗമിയ സിദ്ദീഖ സാഹിബയും പദ്യം ആലപിച്ചു. 40 ഓളം ലജ്ന-നാസിറാത്ത് അംഗങ്ങൾ പരിപാടിയിൽ പങ്കെടുത്തു.

## അറിയിപ്പ്

*അൽ-ഹഖ് വരിസംഖ്യ കുടിശ്ശികയായിട്ടുള്ള മജ്‌ലിസുകളുടെ വിവരങ്ങൾ അതത് ജില്ലാ ഖായിദുമാർക്ക് ഇതിനകംതന്നെ നൽകിക്കഴിഞ്ഞിട്ടുണ്ട്. കുടിശ്ശികയെ സംബന്ധിച്ച വിവരങ്ങൾ ലഭിക്കാൻ ബാക്കിയുള്ള മജ്‌ലിസുകൾ ഉടൻതന്നെ ജില്ലാ ഖാഇദുമാരെ ബന്ധപ്പെടേണ്ടതാണ്. കുടിശ്ശിക പിരിച്ചെടുക്കുവാൻ ഉടൻ തന്നെ ബന്ധപ്പെട്ടവർ ജില്ലാ ഖാഇദുമാരെ സന്ദർശിക്കുന്നതാണ്. ആയതിനാൽ അൽഹഖിന്റെ വരിസംഖ്യ അടക്കാൻ ബാക്കിയുള്ള മുഴുവൻ ഖാഇദുമാരും കുടിശ്ശിക സംഖ്യ രണ്ടു ദിവസങ്ങൾക്കം ജില്ലാ ഖാഇദുമാരെ ഏൽപ്പിക്കേണ്ടതാണ്.*

## ഖാഇദുമാർ
## മലപ്പുറം ജില്ല


റസാഖ് എസ്.എസ്.
തിരൂർ


റഹീം സാഹിബ്
മഞ്ചേരി


മുബശീർ സാഹിബ്
കൽക്കുളം


മുഹമ്മദ് സാലിഹ്
പത്തപ്പിരിയം


അദീബ് സാഹിബ്
വാണിയമ്പലം

Published by Shefi Ahmad, North Ilaqa Qaid for Majlis Khuddamul Ahmadiyya. Chief Editor - Ashique Thotton, Editor - Shajir Ahamed. T, Kannur.